Sahyanadham November 2015
Reg. No. KERMAL / 2004 / 12498. No. KL/IDK/08/2013-15
Date of Publication: 02/11/2015
Posted at Thodupuzha Stg.
Annual Subscription Rs. 60.00



Printed at St. Martha's Offset Printers, Murickassery
Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal
Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 12
നവംബർ 2015
ലക്കം 11



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 12
Issue No. : 11
Month : November 2015





*Chief Editor*

**Fr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

Reg. No. KL/IDK/08/2013-15
RNI Reg. No. KERMAL/2004/12498
Annual Subscription ₹ 60.00

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ബൈബിൾ ഞായർ 2015 | 05 |
| പൗരോഹിത്യ സ്വീകരണം നിർദ്ദേശങ്ങൾ | 13 |
| രൂപതക്കച്ചേരി | 17 |
| പെസഹാരഹസ്യത്തിലുള്ള ജീവിതം | 18 |
| ക്രിസ്തുജ്യോതി | 29 |
| വിദ്യാഭ്യാസം | 38 |
| സാമൂഹ്യസേവനം | 39 |
| തിരുബാലസഖ്യം | 42 |
| ചെറുപുഷ്പ മിഷൻലീഗ് | 43 |
| കെ.സി.എസ്.എൽ. | 44 |
| കെ.സി.വൈ.എം. | 46 |
| കുടുംബ പ്രേഷിതത്വം | 47 |
| മാതൃവേദി | 48 |
| കേരള ലേബർ മൂവ്മെന്റ് | 48 |
| ആത്മജ്യോതിയിലെ പരിപാടികൾ | 49 |
| വാർത്തകളും വിശേഷങ്ങളും | 50 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 52 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 54 |


***"ക്രൈസ്തവർ ശാരീരികവും, ആധ്യാത്മികവുമായ കാരുണ്യപ്രവൃത്തികളിന്മേൽ വിചിന്തനം നടത്തണമെന്നത് എന്നിൽ ആളിക്കത്തുന്ന ആഗ്രഹമാണ്."***

ഫ്രാൻസീസ് മാർപ്പാപ്പ

## ഓർമ്മിക്കാൻ

### നവംബർ മാസത്തിലെ പ്രധാന പരിപാടികൾ

1-6 : വിശ്വാസാനുഭവ ധ്യാനം ആത്മജ്യോതി അടിമാലി

09-11 : വിവാഹ ഒരുക്ക സെമിനാർ ആത്മജ്യോതി അടിമാലി

10 :സഹ്യജ്യോതി +2 മീറ്റ് ഫൊറോനകളിൽ

10 : തിരുബാല സഖ്യം മെഗാ ക്വിസ് വാഴത്തോപ്പ്

14 : കെ.സി.എസ്.എൽ രൂപതാ കലോത്സവം മുരിക്കാശ്ശേരി

14 : കെ.സി.എസ്.എൽ മെഗാ ക്വിസ് ഫൈനൽ മുരിക്കാശ്ശേരി

14 : മാതൃവേദി എഫ്രായിം ജീവോത്സവ് വാഴത്തോപ്പ്

14 : സി.എം.എൽ. സംസ്ഥാന മിഷൻ കലോത്സവം പെരുന്തൽമണ്ണ

18-20 : ഏലീശ്വാ ധ്യാനം ആത്മജ്യോതി അടിമാലി

21 : സണ്ടേസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ്

30 : വിവാഹ ഒരുക്ക സെമിനാർ ആത്മജ്യോതി അടിമാലി

### ആരാധനക്രമ പഞ്ചാംഗത്തിൽ നിന്നും

01 : പള്ളിക്കൂദാശക്കാലം ആരംഭം
02 : സകല മരിച്ചവരുടേയും ഓർമ്മ
05 : വി. സഖറിയായും വി. ഏലീശ്വായും
15 : സമ്പർക്കമാദ്ധ്യമ ദിനം
22 : മിശിഹായുടെ രാജത്വത്തിരുനാൾ
29 : മംഗലവാർത്തക്കാലം ആരംഭം
30 : 25 നോമ്പാരംഭം, വി. അന്ത്രയോസ് ശ്ലീഹ

## C.29 2015 ഡിസംബർ: ബൈബിൾ പാരായണ മാസം
## ഡിസംബർ 27: ബൈബിൾ ഞായർ
## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

വിശുദ്ധഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ ഒരു പദത്തിൽ സംഗ്രഹിക്കാമെങ്കിൽ അതാണ് കരുണ. വിശുദ്ധ ലിഖിതങ്ങളിൽ ദൈവകരുണയുടെ പ്രകാശനം കാണാൻ കരുണയുടെ അസാധാരണ ജൂബിലി വർഷം തികച്ചും അനുയോജ്യമായ കാലമാണ്. ഈ വർഷത്തെ ബൈബിൾ പാരായണ മാസം വിശുദ്ധഗ്രന്ഥത്തിലെ കാരുണ്യസാഗരത്തെ തിരിച്ചറിയാനും അത് ആവോളം ആസ്വദിച്ചു കരുണയുടെ സുഗന്ധം ജീവിതത്തിൽ പേറുന്നവരാകാനും നമ്മെ സഹായിക്കട്ടെ.

### പഴയനിയമത്തിലെ കാരുണ്യക്കാഴ്ചകൾ

കരുണയുടെ നേർക്കാഴ്ചയാണ് ബൈബിളിലെ സൃഷ്ടിവിവരണം. എല്ലാം നന്നായി ക്രമപ്പെടുത്തി ഒരുക്കിയതിനുശേഷം ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന ഉത്പത്തിഗ്രന്ഥവിവരണം കരുതലുള്ള കരുണാമയനായ ദൈവത്തിന്റെ ഒരു വാങ്മയചിത്രമാണ്. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു പറഞ്ഞുകൊണ്ട് ആദത്തിന് ഇണയും തുണയുമായി ഹവ്വായെ സൃഷ്ടിക്കുന്നതും കാരുണ്യവാനായ ദൈവം തന്നെ. ആദിപാപത്തിനുശേഷം ലജ്ജയിലും ഭീതിയിലും പൂണ്ടുപോയ മനുഷ്യജീവിതം മരത്തിനുപിന്നിൽ മറഞ്ഞപ്പോൾ കാരുണ്യത്തിന്റെ സുവിശേഷവുമായി, അതായത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള വാഗ്ദാനവുമായി, കരുണാസമ്പന്നനായ ദൈവം ഉടൻ പാഞ്ഞെത്തി (ഉത്പ 3:15). പിന്നീടുള്ള ഇസ്രായേൽ ചരിത്രം മുഴുവൻ ഈ കാരുണ്യവിശേഷത്തിന്റെ സാക്ഷാത്കാരത്തിനുള്ള തയ്യാറെടുപ്പാണ്.

പഴയനിയമത്തിൽ ദൈവത്തിന്റെ കാരുണ്യവിവരണം സമൃദ്ധമായുണ്ട്. പഴയനിയമത്തിലെ ദൈവജനത്തിന്റെ ചരിത്രം ദൈവ



കാരുണ്യത്തിന്റെ അനുഭവചരിത്രം കൂടിയാണ്. അബ്രാഹത്തോടുള്ള ദൈവത്തിന്റെ വാഗ്ദാനവും ഒരു ജനമായുള്ള ഇസ്രായേലിന്റെ രൂപീകരണവും ഈജിപ്തിലെ കഷ്ടതകളും മോശയെന്ന രക്ഷകന്റെ വരവും മരുഭൂമിയിലെ പരിപാലനയുടെ അനുഭവങ്ങളും ഉടമ്പടി സംസ്ഥാപനവുമെല്ലാം ഇസ്രായേലിന്റെ വിമോചകനായ ദൈവത്തിന്റെ കരുണയുടെ നേർക്കാഴ്ചകളാണ്. പത്തു കല്പനകളുടെ ആമുഖം ഏറെ ചിന്തനീയമാണ്: ''അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്നു നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്'' (പുറ 20:1). ഇസ്രായേലിനെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച ദൈവമാണ് കല്പനകൾ നല്കുന്നത്. ഇസ്രായേൽ സിദ്ധിച്ച സ്വാതന്ത്ര്യം പരിപോഷിപ്പിക്കാനും നിലനിർത്താനുമുള്ള സംരക്ഷണക്കോട്ടയാണു കല്പനകൾ. മറ്റു വാക്കുകളിൽ പറഞ്ഞാൽ, കാരുണ്യപ്പലകകളാണ് കല്പനയുടെ കല്പലകകൾ (പുറ 31:18). ഈ കല്പനകൾ ജനത്തിനു നല്കാനായി മോശയെ ദൈവം ഏല്പിച്ചതിനു തൊട്ടുപിന്നാലെ പുറപ്പാടുപുസ്തകം വിവരിക്കുന്നത് സ്വർണകാളക്കുട്ടിയെ ആരാധിക്കുന്ന ഇസ്രായേലിന്റെ പാപമാണ്. വീണ്ടും നിയമം നല്കാൻ സന്നദ്ധനാകുന്ന അവിടുന്ന് മോശയ്ക്ക് തന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കിക്കൊടുക്കുന്ന രംഗം ബൈബിളിലെ സുപ്രധാനമായ ദൈവികവെളിപാടിന്റെ രംഗമാണ്: ''കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ; തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ''(പുറ 34:6-7a).

### പ്രവാചകന്മാരുടെ കാരുണ്യശുശ്രൂഷ

ഇസ്രായേലിന്റെ കൊടിയ പാപങ്ങൾക്കൊന്നും കർത്താവിന്റെ കരുണയുടെ കവാടം അടച്ചുകളയാനായില്ല. പ്രവാചകന്മാരിലൂടെ ദൈവം ജനത്തെ തന്റെ കരുണയിലേക്കു ക്ഷണിച്ചു. ജനത്തിന്റെ അവിശ്വസ്തത ദൈവത്തെ ക്ഷുബിതനാക്കുകയും മടുപ്പിക്കുകയും ചെയ്തപ്പോൾപോലും അവിടുത്തെ കൃപയും അചഞ്ചലസ്നേഹവും അവിടുത്തെ കോപത്തെ കീഴടക്കിയെന്നതിന് പ്രവാചകന്മാർ തന്നെ സാക്ഷി. ''എഫ്രായിം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രാ

യേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും?... എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. ഞാൻ എന്റെ ഉഗ്രകോപം നടപ്പാക്കുകയില്ല. എഫ്രായിമിനെ വീണ്ടും നശിപ്പിക്കുകയില്ല; ഞാൻ ദൈവമാണ്, മനുഷ്യനല്ല''എന്ന തിരുവചനം (ഹോസി 11:8-9) ദൈവകരുണയുടെ ജയഭേരിയല്ലേ മുഴക്കുന്നത്? അവിശ്വസ്തയായ ഇസ്രായേലിനെക്കുറിച്ച് ജറെമിയാ പ്രവാചകനിലൂടെ ദൈവം പറയുന്നത് നമുക്കേവർക്കും മനഃപാഠമാണല്ലോ: ''എഫ്രായിം എന്റെ വത്സല പുത്രനല്ലേ; എന്റെ ഓമനക്കുട്ടൻ, അവനു വിരോധമായി പെരുമാറുമ്പോഴെല്ലാം അവന്റെ സ്മരണ എന്നിലുദിക്കുന്നു. എന്റെ ഹൃദയം അവനുവേണ്ടി തുടിക്കുന്നു; എനിക്ക് അവനോടു നിസ്സീമമായ കരുണ തോന്നുന്നു'' (ജറെ 31:20). ബാബിലോൺ വിപ്രവാസത്തിലേക്ക് ഇസ്രായേൽക്കാരെ തന്റെ കോപത്തിൽ വിട്ടുകൊടുത്ത ദൈവം, എശയ്യാ പ്രവാചകനിലൂടെ വ്യക്തമാക്കുന്നു: ''നിമിഷനേരത്തേക്കു നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ചു വിളിക്കും.... നിന്നോടു കരുണയുള്ള കർത്താവ് അരുൾചെയ്യുന്നു: മലകൾ അകന്നു പോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല'' (ഏശ 54:7-10). ''ദൈവത്തിന് കരുണയെന്നതിനെക്കാൾ കോപത്തെ അടക്കി നിറുത്തുകയാണ് എളുപ്പം'' എന്ന വിശുദ്ധ അഗസ്തീനോസിന്റെ പ്രസ്താവന നീതിക്കും അപ്പുറം പോകുന്ന കരുണയുടെ പ്രവാചകസാക്ഷ്യങ്ങൾക്കുള്ള കയ്യൊപ്പാണ്.

## കാരുണ്യകീർത്തനങ്ങൾ

സങ്കീർത്തനഗ്രന്ഥത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്രപ്രമേയമാണ് കരുണ. 'ഹെസെദ്' എന്ന ഹീബ്രു പദമാണ് മുഖ്യമായും ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. ദൈവിക സ്വഭാവത്തെ ഒറ്റ ഹീബ്രുവാക്കിൽ ഒതുക്കണമെങ്കിൽ അതാണ് ആ പദം. 'സ്നേഹം', 'അചഞ്ചല സ്നേഹം', 'കാരുണ്യം', 'കാരുണ്യാതിരേകം' എന്നിങ്ങനെ പലവിധത്തിൽ പി.ഒ.സി. ബൈബിൾ പരിഭാഷപ്പെടുത്തിയിരിക്കുന്ന പദമാണിത്. ''കർത്താവിന്റെ കാരുണ്യം കൊണ്ടു ഭൂമി നിറഞ്ഞിരിക്കുന്നു'' എന്ന സങ്കീർത്തനവാക്യം (33:5) കാരുണ്യത്തെ നാം ശ്വസിക്കുന്ന വായുവിന്റെ പോലും ഒരു പകരപ്പദമായി മുന്നോട്ടുവ



യ്ക്കുന്നു. ചില സങ്കീർത്തനങ്ങളുടെ പ്രാരംഭവാക്യം ദൈവത്തിന്റെ കരുണയുടെ ആഘോഷമാണ്. ''കർത്താവിനു നന്ദി പറയുവിൻ; അവിടന്നു നല്ലവനാണ്; അവിടത്തെ കാരുണ്യം അനന്തമാണ്'' എന്ന വാക്യം 107; 118; 136 എന്നീ സങ്കീർത്തനങ്ങളുടെ ആരംഭത്തിലും സങ്കീർത്തനം 100:5-ലും ഏതാണ്ടു സമാനമായി പ്രത്യക്ഷപ്പെടുന്നുവെന്നത് കരുണയുടെ ഈ ആഘോഷം ഒരു കൊച്ചു പദ്യശകലമായി ഇസ്രായേലിൽ പരന്നിരുന്നു എന്നതിന്റെ തെളിവായിരിക്കില്ലേ? 2 ദിന. 5:13; 7:3; 20:21; എസ്രാ 3:11 എന്നിവിടങ്ങളിൽ ദൈവാലയത്തിലെ സ്തുതികീർത്തനങ്ങളായി ഇത്തരം ശകലങ്ങളുണ്ട് എന്നതു ചേർത്തു വായിക്കുമ്പോഴാണ് ഈ കാരുണ്യാഘോഷം ഇസ്രായേലിന് എത്ര പ്രിയങ്കരവും ആവർത്തന സ്വഭാവമുള്ളതുമായിരുന്നുവെന്നു നാം ഗ്രഹിക്കുന്നത്. ഇസ്രായേലിന്റെ അടിസ്ഥാനപരമായ ഒരു വിശ്വാസപ്രമാണമായിരുന്നു ഈ കരുണാശകലങ്ങൾ.

## ദൈവകരുണയുടെ തിരുമുഖം

സഖറിയായുടെ വീട്ടിൽ വച്ച് തലമുറതോറുമുള്ള കാരുണ്യപ്രവാഹത്തെ അനുസ്മരിച്ച മറിയം തന്റെ ഉദരത്തിൽ മാംസം ധരിക്കുന്ന കാരുണ്യത്തെ അനുഭവിച്ചറിഞ്ഞുകൊണ്ടാണ് അതു പാടിയത്. ദൈവകാരുണ്യത്തിന്റെ മുഖം മനുഷ്യൻ ആദ്യമായി നേരിട്ടു കണ്ടത് ബത്‌ലെഹെമിലാണ്. യേശു തന്റെ വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും മുഴുവൻ വ്യക്തിത്വം കൊണ്ടും തന്റെ പെസഹാരഹസ്യങ്ങൾ കൊണ്ടും ദൈവത്തിന്റെ കാരുണ്യത്തെ ഇന്ദ്രിയഗോചരമാക്കിത്തീർത്തു. പരിഭ്രാന്തരും നിസ്സഹായരുമായ ജനക്കൂട്ടങ്ങളെ കണ്ട് മനസ്സലിഞ്ഞ ഈശോ (മത്താ 9:36) പ്രബോധനങ്ങളിലൂടെയും രോഗശാന്തിയിലൂടെയും മൃതരെ ഉയിർപ്പിച്ചതിലൂടെയും പിശാചുബഹിഷ്കരണത്തിലൂടെയും അപ്പം വർധിപ്പിക്കലിലൂടെയും പാപമോചനത്തിലൂടെയുമെല്ലാം കരുണയുടെ മഹാവിപ്ലവം തന്നെ ഭൂമിയിൽ സൃഷ്ടിച്ചു. പാപികളോടും ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും രോഗികളോടുമെല്ലാം യേശു പുലർത്തിയ ഐക്യദാർഢ്യം ദൈവകരുണയുടെ മൃദുലഭാവമായിരുന്നു.

**കരുണയുടെ ഉപമകൾ**

കാണാതായ ആട്, കാണാതായ നാണയം, ധൂർത്തപുത്രൻ, കരുണകാണിക്കാത്ത സഹസേവകൻ, നല്ല സമരിയാക്കാരൻ എന്നിങ്ങനെ കരുണയുടെ ഉപമകൾ എന്നു വിളിക്കാവുന്ന ഉപമകൾ പലതുണ്ട്, പുതിയനിയമത്തിൽ. ഒടുവിൽ പറഞ്ഞ മൂന്ന് ഉപമകളിലും യേശു ആവശ്യപ്പെടുന്നത് ദൈവകരുണയുടെ പ്രേഷിതരായിത്തീരാനാണ്. ദൈവകാരുണ്യത്തിന്റെ സാരാംശം ലളിതവും അഗാധവുമായി വെളിവാക്കുന്ന ഉപമയാണ് ധൂർത്തപുത്രന്റേത് (ലൂക്കാ 15). '' മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചുചുംബിച്ച്''പിതാവിന്റെ ആഘോഷമേളത്തിലും നൃത്തച്ചുവടുകളിലും നാം കാണുന്നത് മനുഷ്യൻ നഷ്ടപ്പെടുത്തിയ മൂല്യവും മഹത്ത്വവും അവനു തിരികെ നല്കുന്നതിലുള്ള സ്വർഗപിതാവിന്റെ ആനന്ദാതിരേകമാണ്. ''ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ?''(മത്താ 18:33) എന്ന ചോദ്യം ഓരോ മനുഷ്യനോടുമുള്ള ദൈവത്തിന്റെ ചോദ്യമായിത്തന്നെ കരുതണം. അങ്ങനെ കരുണ പിതാവിന്റെ ഒരു പ്രവൃത്തിമാത്രമല്ല, അവിടത്തെ യഥാർത്ഥ മക്കൾ ആരെന്നു നിശ്ചയിക്കാനുള്ള മാനദണ്ഡം കൂടിയാണെന്നു വ്യക്തമാകുന്നു. യേശു കാരുണ്യത്തെ ക്രൈസ്തവന്റെ ജീവിതാദർശവും വിശ്വാസത്തിന്റെ വിശ്വാസ്യതക്കുള്ള മാനദണ്ഡവുമാക്കിത്തീർത്തിരിക്കുന്നു: ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ''(ലൂക്കാ 6:36).

**കരുണയുടെ പെസഹാഘോഷം**

യേശുക്രിസ്തുവിന്റെ പീഡാസഹന - മരണോത്ഥാനങ്ങളിലാണ് കരുണയുടെ ഏറ്റവും വലിയ മാതൃക ലോകത്തിനു കാണാനായത്. ''ലോകത്തോടുള്ള പിതാവിന്റെ കരുണ വെളിവായത് പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി''യതിലാണ് (2കോറി 5:21). യേശു കുരിശിൽ പിടയുന്ന നിമിഷത്തിലും ലോകം അവിടത്തെ കരുണ കണ്ടു: ''പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല'' (ലൂക്കാ 23:34). ''എല്ലാം പൂർത്തിയായിരിക്കുന്നു'' എന്ന് യേശു പറഞ്ഞത്



കരുണയെക്കുറിച്ചായിരുന്നില്ലേ? ഈ അർത്ഥത്തിൽ, കാരുണ്യത്തിന്റെ വിജയാഘോഷമാണ് ഉത്ഥാനം എന്നു പറയാനാകില്ലേ? ''ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും'' (യോഹ 12:24) എന്ന തിരുവചനത്തിന്റെ ആന്തരാർത്ഥം വെളിവാകുന്ന നിമിഷമാണത്.

ക്രിസ്ത്യാനികൾ ഉള്ള സ്ഥലത്തെല്ലാം എല്ലാവർക്കും കാരുണ്യത്തിന്റെ മരുപ്പച്ച കാണാനാകണംഎന്ന ഫ്രാൻസിസ് പാപ്പായുടെ ഉപദേശത്തിലും (*കാരുണ്യത്തിന്റെ മുഖം*, 12) കരുണയുടെ ഈ ഉത്ഥാനപ്പച്ചപ്പുതന്നെയാണ് വ്യംഗ്യം. വിശക്കുന്നവരെ തീറ്റിപ്പോറ്റുക, ദാഹിക്കുന്നവർക്കു കുടിക്കാൻ നല്കുക, നഗ്നരെ ഉടുപ്പിക്കുക, പരദേശികളെ സ്വീകരിക്കുക, രോഗികളെയും ബന്ധനസ്ഥരെയും സന്ദർശിക്കുക, മൃതരെ സംസ്കരിക്കുക എന്നീ ജീവകാരുണ്യത്തിന്റെ ശാരീരിക പ്രവൃത്തികൾ വിശുദ്ധഗ്രന്ഥം തന്നെ നമ്മെ പഠിപ്പിക്കുന്നതാണല്ലോ (cf. മത്താ 25:31-46; തോബിത്ത് 1:18-19; 2:3-8). സംശയമുള്ളവരെ ഉപദേശിക്കുക, അജ്ഞരെ പഠിപ്പിക്കുക, പാപികൾക്കു മുന്നറിയിപ്പു നല്കുക, പീഡിതരെ ആശ്വസിപ്പിക്കുക, കുറ്റങ്ങൾ ക്ഷമിക്കുക, നമുക്കെതിരേ തിന്മ പ്രവർത്തിക്കുന്നവരോട് സഹനശീലം പ്രദർശിപ്പിക്കുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക എന്നീ ജീവകാരുണ്യത്തിന്റെ ആത്മീയപ്രവൃത്തികളും തിരുവചനത്തിൽ നിന്നുതന്നെ നാം പഠിക്കുന്നതാണ്. കരുണയുള്ളവരായിരിക്കാൻ കഴിയുന്നതിന് ദൈവവചനം ശ്രവിക്കാൻ നാം തയ്യാറാകണം'' എന്ന പാപ്പായുടെ നിർദേശം (*കാരുണ്യത്തിന്റെ മുഖം*, 13) സഹർഷം നമുക്കു സ്വാഗതം ചെയ്യാം.

**സഭയിലൂടെ തുടരുന്ന ക്രിസ്തുകാരുണ്യം**

വിഭിന്നശേഷിയുള്ളവരോട് യേശു പ്രദർശിപ്പിച്ച പ്രത്യേക കാരുണ്യവും കരുതലും ഇന്നു സഭയിലൂടെ തുടരുകയാണ്. അവർക്കുവേണ്ടി ആംഗ്യഭാഷയിലെ ബൈബിളും (Sign Bible) ബ്രെയ്‌ലി ബൈബിളും (Braille Bible) ആക്സെസ്സിബിൾ ബൈബിളും (Accessible Bible) തയ്യാറാക്കാൻ രജതജൂബിലി വർഷത്തിൽ ബൈബിൾ സൊസൈറ്റിക്കായി എന്നത് ഏറെ ചാരിതാർത്ഥ്യ

ജനകമാണ്. കരുണയുടെ ജൂബിലിവർഷാചരണത്തിനു മുന്നോടിയായി വിഭിന്നശേഷിക്കാരായ ദൈവമക്കളോടുള്ള കരുതലും കാരുണ്യവും ഇത്തരത്തിൽ സഭയ്ക്കു പുലർത്താനായതിൽ നമുക്ക് ദൈവത്തിനു നന്ദിപറയാം. ഇവ വിഭിന്നശേഷിക്കാരായവർക്ക് സംലഭ്യമാക്കാൻ നമുക്കു ശ്രമിക്കാം. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ശ്രവ്യബൈബിൾ പുറത്തിറക്കിയതോടെ നിരന്തര വചനശ്രവണം തികച്ചും ലളിതമായിരിക്കുകയാണ്. ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലി വർഷത്തിൽ കേരളമെമ്പാടും സൗജന്യ ബൈബിളുകൾ വിതരണം ചെയ്യാൻ സൊസൈറ്റിക്കു കഴിഞ്ഞു. ഇതിനായി ഒരു ലക്ഷം രൂപ വീതം സംഭാവന ചെയ്ത ഒമ്പത് ജൂബിലി ബൈബിൾ മിഷൻ അംബാസഡർമാരെ കേരള ജനതയുടെ ഹൃദയം നിറഞ്ഞനന്ദി അറിയിച്ചുകൊള്ളട്ടെ.

**ബൈബിൾപാരായണത്തിന്റെ കാരുണ്യമാസം**

ഡിസംബർ 1 മുതൽ 31 വരെ ബൈബിൾപാരായണമാസമായും ഡിസംബർ 27-ാം തീയതി ബൈബിൾ ഞായറായും കേരളസഭ ആചരിക്കുകയാണ്. അക്ഷരം ധരിച്ച വചനമായ വിശുദ്ധലിഖിതം, വചനം മാംസം ധരിച്ചവന്റെ തീവ്രസ്മരണയിൽ, പരസ്യമായും സുന്ദരമായും പാരായണം ചെയ്യണമെന്ന് എല്ലാ കത്തോലിക്കാവിശ്വാസികളെയും വിശ്വാസീസമൂഹങ്ങളെയും ഞങ്ങൾ ഓർമിപ്പിക്കുന്നു. പൊതുസമൂഹത്തിൽതന്നെയും ബൈബിൾപാരായണ താത്പര്യം ഉളവാക്കുന്ന വിധത്തിലായിരിക്കണം അത്. ദിവസവും $3^{1}/_{2}$ മണിക്കൂർ ബൈബിൾ വായനയ്ക്കായി നാം മാറ്റിവച്ചാൽ ഒരു മാസം കൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാവുന്നതാണ്. 95 മണിക്കൂർകൊണ്ട് സമ്പൂർണ ബൈബിൾ വായിച്ചു തീർക്കാമെന്ന് നമ്മൾ പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്. 2011 -ൽ പി.ഒ.സി.യിൽ വച്ചു നടത്തിയ അഖണ്ഡബൈബിൾപാരായണ യജ്ഞത്തെത്തുടർന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം വ്യത്യസ്തരീതികളിൽ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കപ്പെട്ടത് സന്തോഷത്തോടെ അനുസ്മരിക്കുകയാണ്. വ്യക്തികളോടും കുടുംബങ്ങളോടും കുടുംബക്കൂട്ടായ്മകളോടും ഇടവകകളോടും പ്രസ്ഥാനങ്ങളോടും ഈ മാസാചരണം സമുചിതമായി നടത്താൻ ഞങ്ങൾ



സസ്നേഹം ആഹ്വാനം ചെയ്യുന്നു. ഒപ്പം, ബൈബിൾസൊസൈറ്റിയിൽ അംഗത്വമെടുത്ത് കേരളസഭയുടെ ദൈവവചനശുശ്രൂഷയെ ശക്തിപ്പെടുത്താൻ ഞങ്ങൾ എല്ലാ കത്തോലിക്കാ വിശ്വാസികളെയും ക്ഷണിക്കുകയാണ്. ബൈബിൾ പാരായണമാസം ഇതിന് ഏറ്റവും അനുയോജ്യമായ കാലഘട്ടമാണ്.

കെ.സി.ബി.സി. ബൈബിൾകമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾഞായറാഴ്ചയിൽ നടത്തുന്ന ദിവ്യബലി മധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2015 നവംബർ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയും ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.



## C. 30. പൗരോഹിത്യ സ്വീകരണത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീ സഹോദരൻമാരേ,

വിശുദ്ധനായ ഒരു വൈദികനുണ്ടാവുക എന്നത് ഏതൊരു കുടുംബത്തിന്റെയും, ഇടവകയുടെയും ഏറ്റവും വലിയ ഭാഗ്യവും ദൈവാനുഗ്രഹവുമാണ്. അതിനെയോർത്ത് ദൈവത്തിനു നിരന്തരം നന്ദി പ്രകാശിപ്പിക്കണം. മാതാപിതാക്കളുടേയും, ഉറ്റവരുടേയും, സർവ്വോപരി സഭമുഴുവന്റെയും നിരന്തരമായ പ്രാർത്ഥനക്ക് ദൈവം തരുന്ന പ്രത്യുത്തരമാണ് വിശുദ്ധനായ ഓരോ വൈദികനും. അതിനാൽത്തന്നെ പ്രാർത്ഥനയില്ലാത്ത കുടുംബങ്ങളിൽനിന്നും ഒരിക്കലും നല്ല വൈദീകർ ഉണ്ടാകുന്നില്ല. വൈദിക ദൈവവിളി ആ പേരു സൂചിപ്പിക്കുന്നതുപോലെ പൂർണ്ണമായും ദൈവം നൽകുന്ന വിളിയാണ്. ''നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്'' (യോഹ. 15:16), എന്ന ഈശോയുടെ വചനങ്ങൾ ഇതാണ് അർത്ഥമാക്കുന്നത്. തിരുപ്പട്ട സ്വീകരണം സഭമുഴുവനും ആഹ്ലാദം പകരുന്നതും, കുടുംബത്തിനും ഇടവക മുഴുവനും ദൈവകൃപ സമൃദ്ധമായി വർഷിക്കപ്പെടുന്നതുമായ അവസരമാണ്. ഇടുക്കി രൂപതയിൽ നടക്കുന്ന എല്ലാ പൗരോഹിത്യസ്വീകരണങ്ങളും ആഡംബരവും, ധൂർത്തും, പൊങ്ങച്ചവും ഒഴിവാക്കി ലളിതവും, മാതൃകാപരവുമായി നടത്തുവാൻ ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവരെല്ലാം ജാഗ്രതയോടെ പാലിക്കണം.

മ്ശംമ്ശാനയുടെ ആത്മീയമായ ഒരുക്കമാണ് സർവ്വപ്രധാനം. അതിനാൽ പുരോഹിതാർത്ഥി കൂടുതൽ സമയം പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിക്കുകയും, അതിനെ തടസ്സപ്പെടുത്തുന്ന എല്ലാക്കാര്യങ്ങളിൽനിന്നും (ഉദാ: തിരുപ്പട്ടം ക്ഷണിക്കാനായുള്ള നിരന്തര യാത്രകൾ, ഫോൺ വിളികൾ, പട്ടത്തിന്റെ വ്യഗ്രതയാർന്ന ക്രമീകരണങ്ങൾ, സന്ദർശനങ്ങൾ, etc.) അകന്നു നിൽക്കുകയും വേണം. പട്ടത്തിന്റെ ക്രമീകരണങ്ങൾ നടത്തുക, അതിഥികളെ ക്ഷണിക്കുക തുടങ്ങിയ കാര്യങ്ങളൊക്കെ കുടുംബാംഗങ്ങൾ ചെയ്യട്ടെ. പൗരോഹിത്യ സ്വീകരണത്തിന്റെ ക്ഷണക്കത്ത് പരമാവധി ലളിതവും, ചെലവു കുറഞ്ഞതുമാക്കാൻ ശ്രദ്ധിക്കണം. തിരുപ്പട്ടം സ്വീകരിക്കുവാ



നുള്ള മ്ശംമ്ശാന പട്ടത്തിന്റെ തലേദിവസം വൈകുന്നേരം 6 മണിക്കു മുമ്പായി രൂപതാ കേന്ദ്രത്തിലെത്തേണ്ടതാണ്. യാത്രയാക്കുവാൻ പരമാവധി രണ്ടുപേർ (ബഹു. വികാരിയച്ചനും, മറ്റൊരാളും മാത്രം) കൂടെ വന്നാൽ മതിയാകും. തിരുപ്പട്ടത്തിന്റെ അവസരത്തിലും തുടർന്നും മ്ശംമ്ശാനയുടെ/നവവൈദികന്റെ മാമ്മോദീസാപ്പേര് ഉപയോഗിക്കാൻ ശ്രദ്ധിക്കണം. മ്ശംമ്ശാന/നവവൈദികൻ വൈദികവസ്ത്രം ധരിച്ച് സന്ദർശനങ്ങളും, യാത്രകളും നടത്തുവാൻ ശ്രദ്ധിക്കുക. മ്ശംമ്ശാന/നവവൈദികൻ ബ്രാന്റഡ് ഉത്പന്നങ്ങളുടെ അംബാസിഡർ ആകാതിരിക്കട്ടെ (ഉദാ: വിലകൂടിയ സ്മാർട്ട് ഫോൺ, ലാപ്ടോപ്പ് വാച്ച് ഷൂസ്, സ്വർണ്ണമാല, സ്വർണ്ണ കൊന്തമോതിരം, etc.). തിരുപ്പട്ടം സ്വീകരിച്ച ഉടനെ വാഹനങ്ങൾ സ്വന്തമായോ/സമ്മാനമായോ സമ്പാദിക്കുന്നത് അഭിലഷണീയമല്ല. നമ്മുടെ രൂപതയുടെ പശ്ചാത്തലത്തിൽ, കഷ്ടപ്പെടുന്ന സാധാരണ ജനങ്ങളോട് കഴിയുന്നത്ര താദാത്മ്യം പ്രാപിച്ച് അജപാലനശുശ്രൂഷ നിർവ്വഹിക്കുകയും, അസ്ത്തേിയായിരിക്കുന്ന കാലയളവിലെങ്കിലും ഫോർവീലറുകൾ വാങ്ങി ഉപയോഗിക്കാതിരിക്കുന്നതുമാകും ഉത്തമം. ഭൗതീക വസ്തുക്കളും, സമ്മാനങ്ങളും സ്വന്തമാക്കുന്നതിനെക്കാളും കൃപാവരത്തിൽ വളരാൻ പരിശ്രമിക്കുക. സമ്മാനങ്ങൾ പ്രതീക്ഷിച്ചു കൊണ്ടുള്ള വിളികൾ പൂർണ്ണമായും ഒഴിവാക്കുക. തിരുപ്പട്ടസ്വീകരണത്തിനു സമ്മാനമായി പണം ലഭിക്കുകയും അത് നവവൈദികന്റെ കൈവശം/അക്കൗണ്ടിൽ ഉണ്ടായിരിക്കുകയും ചെയ്താൽ, വീട്ടിൽ ഏല്പ്പിക്കുന്നതായിരിക്കും ഉത്തമം. കാരണം തിരുപ്പട്ട സ്വീകരണത്തോടനുബന്ധിച്ചുള്ള ചെലവുകൾ വീട്ടുകാർക്ക് വളരെയുണ്ടാവുമല്ലോ.

കുടുംബാംഗങ്ങളെല്ലാവരും അഭിഷിക്തനാകുന്ന വൈദികനു വേണ്ടി ഉപവസിക്കുകയും, വളരെയേറെ പ്രാർത്ഥിക്കുകയും, അനുദിനം വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും വി.കുർബ്ബാന സ്വീകരിക്കുകയും വേണം. വൈദീകന്റെ കുടുംബം ഇടവകയിലെ മറ്റുള്ള കുടുംബങ്ങൾക്ക് എല്ലാക്കാര്യങ്ങളിലും മാതൃകയാകേണ്ടതാണല്ലോ. ഏതെങ്കിലും ബന്ധുക്കളും അയൽവാസികളുമായി കലഹത്തിലും ഭിന്നതയിലുമാണെങ്കിൽ അവരുമായി രമ്യപ്പെടുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ബഹു. വികാരിയച്ചൻമാർ തിരുപ്പട്ടസ്വീകരണത്തിനായി പുരോഹിതാർത്ഥിയുടെ കുടുംബാംഗങ്ങളേയും, ഇടവകാസമൂഹത്തെയും

ഒരുക്കുകയും, ഇതൊരു ആത്മീയ നവീകരണത്തിനുള്ള അവസരമായി കാണുകയും ചെയ്യണം. തിരുപ്പട്ട സ്വീകരണം ലളിതമായും, ഭക്തി നിർഭരമായും ചെലവു ചുരുക്കിയും നടത്താനുള്ള നല്ല നിർദ്ദേശങ്ങൾ നൽകുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്യണം. പള്ളിയകത്തുള്ള അലങ്കാരങ്ങൾ ലളിതമായിരിക്കണം. അൾത്താര-പള്ളിയകം അലങ്കാരങ്ങൾക്കായി പൂക്കൾ വാങ്ങാൻ പരമാവധി 3000 രൂപയിൽ കൂടുതൽ ചെലവഴിക്കുവാൻ പാടുള്ളതല്ല. വികാരിയച്ചൻമാർ പുരോഹിതാർത്ഥിയേയോ അദ്ദേഹത്തിന്റെ കുടുംബത്തെയോ ഭാരപ്പെടുത്താതിരിക്കാൻ (പ്രത്യേകിച്ചും സാമ്പത്തികമായി) ശ്രദ്ധിക്കുമല്ലോ.

തിരുപ്പട്ടശുശ്രൂഷയുടേയും, പ്രഥമ വി. കുർബ്ബാനയർപ്പണത്തിന്റെയും സമയത്ത് സ്റ്റിൽ ക്യാമറയും, വീഡിയോ ക്യാമറയും ഓരോന്നു മാത്രം മതി. ചെറിയ ക്യാമറകൾ, ടാബ്ലറ്റ്, മൊബൈൽ ക്യാമറ എന്നിവയുടെ ഉപയോഗം തിരുക്കർമ്മങ്ങളുടെ സമയത്ത് അനുവദനീയമല്ല. പൗരോഹിത്യ സ്വീകരണത്തോടനുബന്ധിച്ചുള്ള ഫ്ളക്സ് ബോർഡുകൾ, കട്ടൗട്ടറുകൾ, പോസ്റ്ററുകൾ, ചെണ്ട, വെടി തുടങ്ങിയവ പൂർണ്ണമായും ഒഴിവാക്കണം (ആവശ്യമെന്നു തോന്നുന്ന പക്ഷം പള്ളിയുടെ സമീപത്ത്, പ്രധാനപ്രവേശനമാർഗ്ഗത്തിൽ ഒരു സ്വാഗതാശംസക്രമീകരിക്കാവുന്നതാണ്). തിരുപ്പട്ടസ്വീകരണത്തോടനുബന്ധിച്ച് പുരോഹിതാർത്ഥിയുടെ കുടുംബത്തിലും, ബന്ധുവീടുകളിലും മദ്യപാനവും, മദ്യസൽക്കാരവും ഒരു കാരണവശാലും അനുവദനീയമല്ല. ഭക്ഷണകാര്യങ്ങൾ ലളിതമായിരിക്കണം (ഉദാ: ചോറാണു കൊടുക്കുന്നതെങ്കിൽ ഒരു ഇറച്ചിക്കറിയും, മീൻകറിയും, പച്ചക്കറികളും മതിയാകും). ഇക്കാര്യത്തിൽ വിവാഹാഘോഷവും, പൗരോഹിത്യസ്വീകരണവും തമ്മിൽ താരതമ്യം ചെയ്യാനാവില്ല. തിരുപ്പട്ടസ്വീകരണത്തിന്റെ തലേനാൾ വൈകിട്ട് മ്ശംമ്ശാനയുടെ വീട്ടിൽ അയൽക്കാരെയും, അതിഥികളേയും, മറ്റു വൈദിക വിദ്യാർത്ഥികളേയും വിളിച്ചുകൂട്ടിയുള്ള സദ്യ നിർബ്ബന്ധമായും ഒഴിവാക്കണം. ഇക്കാര്യം പ്രാവർത്തികമാക്കാൻ കുടുംബാംഗങ്ങളും, ബഹു. വികാരിയച്ചന്മാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. തിരുപ്പട്ടസ്വീകരണത്തിന്റെ ചെലവുകൾ ചുരുക്കുന്നതോടൊപ്പം സാമ്പത്തികശേഷിയുള്ളവർ നമ്മുടെ സെമിനാരിക്കാരെ പഠിപ്പിക്കാനായി ഒരു തുക നീക്കിവയ്ക്കുക.



തിരുപ്പട്ടസ്വീകരണത്തിൽ പ്രത്യേകം ചുമതലകൾ വഹിക്കാനുള്ളവരൊഴികെ (ഉദാ: എം. സി., വിവരണക്കാരൻ, സഹായികൾ പരമാവധി 5 പേർ) മറ്റുള്ള വൈദികവിദ്യാർത്ഥികളാരും തലേദിവസം മ്ശംമ്ശാനയുടെ വീട്ടിലോ, പള്ളിയിലോ എത്തേണ്ടതില്ല. ഗായകസംഘവും (രണ്ടുപേർമാത്രം പാടുന്ന രീതി നിരുൽസാഹപ്പെടുത്തേണ്ടതാണ്), സൗണ്ട് സിസ്റ്റവും വിശ്വാസികളുടെ സമൂഹത്തെ പാടാനും പ്രാർത്ഥിക്കാനും സഹായിക്കുന്നതായിരിക്കണം. സംഗീതോപകരണങ്ങളുടെ അമിതമായ ശബ്ദം സംഗീതത്തെ മുക്കിക്കളയാതിരിക്കാൻ ശ്രദ്ധിക്കണം.

ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്നുറപ്പുവരുത്തേണ്ടത് പുരോഹിതാർത്ഥിയും, അദ്ദേഹത്തിന്റെ മാതാപിതാക്കളും, ബ. വികാരിയച്ചനുമാണ്. ബന്ധുക്കളുടെയോ, മറ്റാരുടെയെങ്കിലുമോ സ്വാധീനത്താൽ ഇതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല. പൗരോഹിത്യസ്വീകരണം ലളിതവും, ഭക്തിനിർഭരവും, മാതൃകാപരവുമായി നടത്തുവാനുള്ള ഈ മാർഗ്ഗനിർദ്ദേശങ്ങളോട് പൂർണ്ണമായും സഹകരിക്കുവാൻ ഞാൻ നിങ്ങളേവരേയും ഉദ്ബോധിപ്പിക്കുന്നു.

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളെ എല്ലാവരെയും ആശീർവ്വദിച്ചുകൊണ്ട്,

കരിമ്പൻ — മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
01/11/2015 — ഇടുക്കി രൂപതയുടെ മെത്രാൻ



# രൂപതക്കച്ചേരി

## C. 91/15 Pastoral Council

An ordinary meeting of the Pastoral Council of the Eparchy of Idukki will be held on 19th December 2015 at Athmajyothi, Adimali. Topics to be included in the agenda may be sent to the Secretary before 10th December 2015.

Time: 10.00 am 04.00 pm

## C. 92/15 Presbyteral Council

An ordinary meeting of the Presbyteral Council of the Eparchy of Idukki will be held on 15th December 2015 at the Bishop's House

Time: 10.30 am 04.00 pm

## C. 93/15 Monthly Recollection for Priests

നവംബർ മാസത്തിലെ പഠനവിഷയം ഇടുക്കി രൂപതാ നിയമാവലി 706 - 730 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിക്കുന്നു.

## C. 94/15 സാമൂഹ്യ സമ്പർക്ക മാധ്യമദിനം

ഈ വർഷം സഭ സാമൂഹ്യ സമ്പർക്ക മാധ്യമദിനം ആചരിക്കുന്നത് നവംബർ 15-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ എല്ലാ ഇടവകകളിലും മാധ്യമദിനം ഉചിതമായി ആചരിക്കേണ്ടതാണ്. നവംബർ 15-ാം തീയതി വി. കുർബാന മദ്ധ്യേ കെ.സി.ബി.സി. മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി പിരിവെടുക്കുകയും അത് എത്രയും വേഗം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കുകയും വേണം.



## C. 93/15 പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

### പെസഹാരഹസ്യത്തിൽ പങ്കുചേരുന്ന ജീവിതം

**(തിരുവചനഭാഗം: ലൂക്കാ 22,1-38)**

ക്രിസ്തീയജീവിതത്തിന്റെയും ആരാധനയുടെയും കേന്ദ്രബിന്ദുവാണ് പെസഹാരഹസ്യം. മനുഷ്യകുലത്തെ സംബന്ധിച്ചും ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒരു യാഥാർത്ഥ്യമാണ് പെസഹാരഹസ്യം. അതു മിശിഹാരഹസ്യം തന്നെയാണ്. 'രഹസ്യം'എന്ന് അതിനെ വിശേഷിപ്പിക്കുന്നത് അത് മനുഷ്യബുദ്ധിയ്ക്ക് അതീതവും അഗ്രാഹ്യവുമായതുകൊണ്ടാണ്. മനുഷ്യകുലത്തെ സംബന്ധിച്ച് മിശിഹായിൽ ദൈവം ആവിഷ്കരിച്ച രക്ഷാപദ്ധതിയുടെ രഹസ്യമാണ് അത്. ഈ പദ്ധതിയുടെ രഹസ്യത്തെപ്പറ്റി പൗലോസ്ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "മിശിഹായിൽ വ്യക്തമാക്കിയ തന്റെ അഭീഷ്ടമനുസരിച്ച് അവിടുന്ന് തന്റെ പദ്ധതിയുടെ രഹസ്യം നമുക്കു മനസ്സിലാക്കിത്തന്നു. ഇതു കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും മിശിഹായിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രേ" (എഫേ 1, 9-10). ഈലോകത്തിൽനിന്നും പിതാവിങ്കലേക്കുള്ള മിശിഹായുടെ കടന്നുപോകലിലൂടെ - പീഡാനുഭവ മരണ ഉത്ഥാനങ്ങളിലൂടെ - ഈ പദ്ധതി പൂർത്തിയാക്കുന്നതുകൊണ്ടാണ് ഇതിനെ 'പെസഹാ (കടന്നുപോകൽ) രഹസ്യം' എന്നു വിശേഷിപ്പിക്കുന്നത്. വി. ലൂക്കായുടെ സുവിശേഷത്തിൽ ഈശോ ഈ പെസഹാരഹസ്യം കൂദാശാപരമായി സ്ഥാപിക്കുന്ന രംഗമാണ് ഈ സുവിശേഷഭാഗത്ത് അവതരിപ്പിക്കുക. യൂദാസിന്റെ ഒറ്റിക്കൊടുക്കൽ (22,1-6), പെസഹാ - പുതിയ ഉടമ്പടി (22,7-22), ആരാണു വലിയവൻ (22,23-30), പത്രോസിന്റെ നിഷേധം (22,31-34), പണവും വാളും കരുതുക (22,35-38) എന്നിവയാണ് ഈ സുവിശേഷഭാഗത്ത് വിവരിക്കുന്നത്.

### 1. പെസഹാക്കുഞ്ഞാടായ മിശിഹായിലുള്ള ജീവിതം

*"പെസഹാ എന്നു വിളിക്കപ്പെടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അടുത്തു. പുരോഹിതന്മാരും നിയമജ്ഞരും അവനെ എങ്ങനെ വധിക്കാമെന്ന് അന്വേഷിച്ചുകൊണ്ടിരുന്നു.*

*പക്ഷേ, അവർ ജനങ്ങളെ ഭയപ്പെട്ടു*" (22,1-2).

"പെസഹാ എന്നു വിളിക്കപ്പെടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അടുത്തു" എന്ന് സുവിശേഷകൻ പറയുന്നു. രണ്ടും ഒരു തിരുനാളായിട്ടാണ് ലൂക്കാ അവതരിപ്പിക്കുന്നത്. ഈജിപ്തിൽ സംഹാര ദൂതൻ ഇസ്രായേല്യരുടെ ഭവനങ്ങളെ കടന്നുപോയതിന്റെയും അനന്തരം ഇസ്രായേൽജനം ഈജിപ്തിൽ നിന്നു ചെങ്കടൽ കടന്നുപോന്നതിന്റെയും അനുസ്മരണമായിരുന്നു പെസഹാ (പുറ 12,1-14). ഇസ്രായേൽജനം ഈജിപ്തിൽനിന്നും പുറത്തുകടന്നപ്പോൾ പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ചതിന്റെ അനുസ്മരണമായിരുന്നു പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ (പുറ 12,15-20). അങ്ങനെ പുറപ്പാടിന്റെയും പുളിപ്പില്ലാത്ത അപ്പത്തിന്റെയും തിരുനാളുകൾ ഒരുമിച്ചാഘോഷിച്ചതാണ് പെസഹാ എന്നു വിളിക്കപ്പെടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ എന്നു പറയുവാൻ കാരണം (ലേവ്യ 23,5-8). രണ്ടു തിരുനാളുകളും ഇസ്രായേൽജനത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനങ്ങളാണ്. കാരണം, രണ്ടും അവരുടെ വിമോചനത്തിന്റെ അനുസ്മരണമാണ്. ഇസ്രായേൽജനത്തിന്റെ ചരിത്രപരമായ വിമോചനം ആഘോഷിക്കുന്ന അവസരത്തിൽ ഈശോയുടെ 'കടന്നുപോകൽ' അഥവാ 'പെസഹാ' സംഭവിക്കുന്നു. ഈശോയുടെ ഈ 'കടന്നുപോകൽ' മനുഷ്യകുലത്തിന്റെ മുഴുവൻ 'കടന്നുപോകൽ' അഥവാ വിമോചനത്തിന്റെ സാക്ഷാത്കാരമായിരുന്നു. 'പെസഹാ' - 'കടന്നുപോകൽ' എന്ന ഈ പദം ഈ വചനഭാഗത്ത് (22,1-15) ആറു പ്രാവശ്യം ഉപയോഗിക്കുന്നത് ശ്രദ്ധാർഹമാണ്.

പെസഹായ്ക്കുള്ള കുഞ്ഞാടിനെ കൊല്ലുന്നതിനെക്കുറിച്ച് ആലോചിക്കേണ്ട പുരോഹിതപ്രമുഖന്മാരും നിയമജ്ഞരും ഈശോയെ കൊല്ലുന്നതെങ്ങനെയെന്ന് അന്വേഷിച്ചുകൊണ്ടിരിക്കുന്നു (22,2). ഈശോയാണ് പുതിയ പെസഹാക്കുഞ്ഞാട് എന്ന് ഇതിലൂടെ സുവിശേഷകൻ സൂചിപ്പിക്കുന്നു. പുതിയ പെസഹാക്കുഞ്ഞാടായ ഈശോയെ വധിക്കാൻ വഴിയാലോചിക്കുന്നവർക്കു സഹായകനായി ഈശോയുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായ യൂദാസ് കടന്നുവരുന്നു. യൂദാസിനെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് 'സാത്താൻ പ്രവേശിച്ച' ഒരുവനായിട്ടാണ് (22,3). ഈശോയുടെ സഹനം ഈശോയും



ഈശോയെ എതിർക്കുന്ന മനുഷ്യരും തമ്മിൽ മാത്രമുള്ള എതിർപ്പിന്റെ ഫലമല്ല. നിശ്ചിതകാലത്തേക്ക് ഈശോയെ വിട്ടുപോയിരുന്ന സാത്താൻ (4,13) നിശ്ചിതകാലമായപ്പോൾ സർവശക്തിയോടുംകൂടി തിരിച്ചുവന്നിരിക്കുകയാണ്. ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവും, സാത്താന്റെ ശക്തിയും ദൈവവുമായുള്ള സംഘട്ടനത്തിന്റെ മൂർദ്ധന്യാവസ്ഥയാണ്. ഇതിലൂടെ പാപത്തിന്റെയും സാത്താന്റെയും ശക്തികൾ നിർണായകമായി പരാജയപ്പെടുകയും ദൈവത്തിന്റെ രക്ഷാകര പ്രവർത്തനം അതിന്റെ വിജയത്തിലെത്തിച്ചേരുകയും ചെയ്യും. പെസഹാക്കുഞ്ഞാടായ ഈശോയിൽ (1 കൊറി 5,7) ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. പെസഹാക്കുഞ്ഞാടായ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരാണ് പുരോഹിതർ. മാമ്മോദീസായിൽ ക്രൈസ്തവരെല്ലാം മിശിഹായോട് ഐക്യപ്പെടുന്നെങ്കിൽ (റോമാ 6,3-5) പൗരോഹിത്യാഭിഷേകത്തിൽ മിശിഹായോട് പുരോഹിതർ താദാത്മ്യപ്പെടുന്നു. ക്രിസ്തീയജീവിതത്തിലും പൗരോഹിത്യജീവിതത്തിലും ഉണ്ടാകുന്ന സഹനങ്ങളുടെ പിന്നിൽ സാത്താന്റെ ശക്തിയുടെ പ്രവർത്തനമുണ്ടാകും. എന്നാൽ സാത്താനെ പരാജയപ്പെടുത്തിയ പെസഹാക്കുഞ്ഞാടായ മിശിഹായുടെ അരൂപിയിൽ ശക്തിപ്രാപിച്ച് സഹനങ്ങളെ അതിജീവിക്കുവാൻ നമുക്കു കഴിയണം.

**2. പെസഹാരഹസ്യാഘോഷത്തിൽ കേന്ദ്രീകൃതമായ ജീവിതം**

"*പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാസ്തോത്രംചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തുകൊണ്ട് അരുളിച്ചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്*" (22,19-20).

പെസഹാരഹസ്യാഘോഷമാണ് പരിശുദ്ധ കുർബാനയർപ്പണം. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമാണല്ലോ ക്രിസ്തീയജീവിതവും പൗരോഹിത്യജീവിതവും. പെസഹാ ആഘോഷിക്കാനും പരിശുദ്ധ കുർബാന സ്ഥാപിക്കാനും ഈശോ അത്യധികം ആഗ്രഹിച്ചു: "അവൻ

അവരോടു പറഞ്ഞു: പീഡയനുഭവിക്കുന്നതിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു" (22,15). പരി. കുർബാനയാണ് സഭയെ നിർമ്മിക്കുന്നത്. സഭ ദൈവരാജ്യത്തിന്റെ കൂദാശയുമാണ്. ഈശോ വന്നത് ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണവുമായിട്ടാണല്ലോ. പരി. കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിച്ചുകൊണ്ടുമാത്രമേ ഭൂമിയിൽ ദൈവരാജ്യം പടുത്തുയർത്തുവാൻ കഴിയുകയുള്ളു. പെസഹാഭക്ഷണത്തിനിടയിൽ ഈശോ പറഞ്ഞ വാക്കുകൾ അതു സൂചിപ്പിക്കുന്നുണ്ട്: "ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ ഞാൻ ഇനി ഇതു ഭക്ഷിക്കുകയില്ല... ഇപ്പോൾ മുതൽ ദൈവരാജ്യം വരുന്നതുവരെ മുന്തിരിയുടെ ഫലത്തിൽനിന്ന് ഞാൻ പാനംചെയ്യുകയില്ല" (22,16-18). അതുകൊണ്ടുതന്നെയാവണം പെസഹാഭക്ഷണത്തിലേക്കു വരാൻ ഈശോ അത്യധികം ആഗ്രഹിച്ചതും. മാത്രമല്ല, ഈശോ മുൻകൈയെടുത്ത് പെസഹാഭക്ഷണം ഒരുക്കുകയും ചെയ്യുന്നു: "ഈശോ പത്രോസിനെയും യോഹന്നാനെയും അയച്ചുകൊണ്ടു പറഞ്ഞു: നിങ്ങൾപോയി നമുക്കു പെസഹാ ഭക്ഷിക്കേണ്ടതിന് ഒരുക്കങ്ങൾ ചെയ്യുവിൻ" (22,8). ഈശോതന്നെ മുൻകൂട്ടി ഒരുക്കിയ വിരുന്നുശാലയായിട്ടാണ് പെസഹാ അത്താഴമുറിയെ ലൂക്കാസുവിശേഷകൻ അവതരിപ്പിക്കുന്നത് (22,8-13). ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ ഓർമ്മയാചരിക്കലും രക്ഷയുടെ ഫലം ലോകാവസാനംവരെ വരാനിരിക്കുന്ന എല്ലാ മനുഷ്യർക്കും ലഭ്യമാക്കുവാനുള്ള കൂദാശയായ പരിശുദ്ധ കുർബാനസ്ഥാപനവും എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു.

പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുവാനുള്ള ആഹ്വാനമാണ് ഈ സന്ദർഭത്തിൽ ഈശോ നല്കുന്നത്. തന്റെ ശരീരരക്തങ്ങൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ ഭക്ഷണപാനീയങ്ങളായി നല്കുവാനുള്ള കുർബാനയെന്ന കൂദാശ സ്ഥാപിച്ചതിനുശേഷം ഈശോ തന്റെ ശരീരരക്തങ്ങൾ കാൽവരിയിൽ ബലിയർപ്പിക്കുന്നു. ഈശോ കാൽവരിയിൽ തന്റെ ശരീരരക്തങ്ങൾ അർപ്പിച്ചത് തന്റെ ജീവിതം ദൈവഹിതപ്രകാരം പൂർത്തിയാക്കിക്കൊണ്ടാണ്. ഇതേപ്പറ്റിയാണ് ഹെബ്രായലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നത്: "ഇതിനാൽ അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ



ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. ... ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു. ... ആ ഹിതമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (ഹെബ്രാ 10,5-10). "ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്" (22,19) എന്ന് ഈശോ പറഞ്ഞത് ഈ ജീവിതബലിയർപ്പണത്തെക്കുറിച്ചാണ്. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (22,19) എന്നു പറയുന്നത് ഈശോയുടെ ബലിയർപ്പണം കൂദാശാപരമായി തുടരുവാനുള്ള കല്പനയാണ്. എന്നാൽ കൂദാശാപരമായി ഈശോയുടെ ബലിയർപ്പണം നിർവഹിക്കുന്ന പുരോഹിതൻ, ദൈവഹിതപ്രകാരം മറ്റുള്ളവർക്കുവേണ്ടി സ്വയം അർപ്പിക്കുന്ന ബലിജീവിതം നയിക്കുന്നവനാവണം. അതുപോലെതന്നെ, അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന മിശിഹായുടെ രക്തം കൂദാശാപരമായി അർപ്പിക്കുന്ന പുരോഹിതൻ, തന്റെ സഹനങ്ങളെ ദൈവഹിതമനുസരിച്ച് സ്വീകരിക്കുന്ന ജീവിതം നയിക്കുന്നവനാവണം. ഇപ്രകാരം പെസഹാരഹസ്യാഘോഷത്തിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുവാൻ പുരോഹിതർക്കു കഴിയണം.

### 3. ശുശ്രൂഷയുടെ ജീവിതം

"*എന്നാൽ, നിങ്ങൾ അങ്ങനെയായിരിക്കരുത്. നിങ്ങളിൽ ഏറ്റം വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം*" (22,26).

തങ്ങളിൽ വലിയവൻ ആരാണ് എന്ന് ശിഷ്യർക്കിടയിൽ തർക്കമുണ്ടായി. ഇത് പെസഹാ അത്താഴത്തിലാണ് സംഭവിച്ചത് എന്ന് ലൂക്കാസുവിശേഷകൻ മാത്രമേ രേഖപ്പെടുത്തുന്നുള്ളു. ഒരുപക്ഷേ, ഇതിനുമുമ്പു വിവരിച്ചിരിക്കുന്ന സംഭവവുമായി ഇതിനു ബന്ധമുണ്ടായിരിക്കാം. തന്നെ ഒറ്റിക്കൊടുക്കുന്നവൻ അവരുടെകൂടെയുണ്ട് എന്ന ഈശോയുടെ പ്രസ്താവനയായിരിക്കാം (22,21) ഈ തർക്കമുന്നയിക്കാൻ അവരെ പ്രേരിപ്പിച്ചത്. ഈശോയോടുള്ള വിശ്വസ്തതയിൽ ആരാണ് മുൻപന്തിയിൽ എന്നതായിരുന്നിരിക്കാം അവരുടെ തർക്കവിഷയം. തർക്കം എന്തായിരുന്നാലും ഈ അവസരം ഉപയോ

ഗിച്ച് സഭാശുശ്രൂഷയെക്കുറിച്ച് ഈശോ അവരെ പഠിപ്പിക്കുന്നു. വിജാതീയരാജാക്കന്മാരുടെ ഭരണരീതിയും ഭരിക്കപ്പെടുന്നവർക്ക് അവരോടുള്ള പ്രതികരണവും ശ്ലീഹന്മാരുടെ ഇടയിലും അവരുടെ നേതൃത്വശുശ്രൂഷയ്ക്കു വിധേയപ്പെടുന്നവരിലും ഉണ്ടാകരുതെന്ന് ഈശോ ആദ്യമേ നിർദ്ദേശിക്കുന്നു. വിജാതീയരാജാക്കന്മാർ പ്രജകളുടെമേൽ ഭരിക്കുകയാണ്, പരിചരിക്കുകയല്ല. തങ്ങളെ ഭരിക്കുന്നവരെ 'ഉപകാരികൾ' എന്ന് ഭരണീയർ വിളിക്കുകയും ചെയ്യുന്നു. സഭയിൽ ഒരിക്കലും ഇപ്രകാരമായിരിക്കരുത് എന്ന് ഈശോ ഖണ്ഡിതമായി പറയുന്നു (22,26). മറിച്ച് ഈശോ അവരുടെയിടയിൽ എങ്ങനെയായിരുന്നുവെന്നു മനസ്സിലാക്കി, അതിനനുസൃതമായി നേതൃത്വശുശ്രൂഷ നിർവഹിക്കണമെന്ന് ഈശോ അവരോട് ആവശ്യപ്പെടുകയാണ്: "ആരാണു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ പരിചരിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലേ? ഞാനാകട്ടെ നിങ്ങളുടെ ഇടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്" (22,27). 'പരിചരിക്കുന്നവൻ' എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് 'ദിയക്കൊനോൻ' എന്നതാണ്. അതിൽനിന്നാണ് സഭയിലെ ശുശ്രൂഷയ്ക്ക് 'ദിയാക്കൊനിയ' അഥവാ 'ശുശ്രൂഷ' എന്ന പേരു ലഭിച്ചത് (നട 1,25; 6,4).

'ദിയക്കൊനിയ' എന്ന ഗ്രീക്കുവാക്ക് ഭക്ഷണമേശയിൽ ശുശ്രൂഷ ചെയ്യുന്നവരുടെ ശുശ്രൂഷയ്ക്ക് ഉപയോഗിച്ചിരുന്നതാണ്. ഈശോ ശിഷ്യരുടെയിടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെയായിരുന്നുവെന്ന വസ്തുത അന്ത്യത്താഴത്തിൽ, അവരുടെ പാദങ്ങൾ കഴുകിക്കൊണ്ട് വ്യക്തമാക്കി (യോഹ 13,1-20). "ഞാനാകട്ടെ നിങ്ങളുടെയിടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെയാണ്" എന്നു പറയുന്നതിൽ ഈശോ തന്റെ ജീവിതശുശ്രൂഷ മുഴുവൻ സംഗ്രഹിക്കുകയാണ്. ഈശോയുടെ ജീവിതശുശ്രൂഷയുടെ സംഗ്രഹമാണ് പെസഹാമേശയിലെ അവിടുത്തെ ശുശ്രൂഷ എന്നു പറയാം. ശുശ്രൂഷാപൗരോഹിത്യം ശ്ലൈഹികശുശ്രൂഷയിലുള്ള ഭാഗഭാഗിത്വമാണല്ലോ. അതുകൊണ്ട് ഇവിടെ ഈശോ ശ്ലീഹന്മാർക്കു നല്കുന്ന നിർദ്ദേശം പൗരോഹിത്യശുശ്രൂഷ നിർവഹിക്കുന്നവർക്കെല്ലാം നല്കുന്ന നിർദ്ദേശമാണ്. അവരുടെ ജീവിതം മുഴുവൻ ഈശോയുടേതുപോലെ ശുശ്രൂഷാജീവിതമായിരിക്കണം. മേശയിലെ ശുശ്രൂഷയുടെ പ്രത്യേകതകൾ



ഏവയാണെന്നു ചിന്തിക്കുന്നതു നല്ലതാണ്. അത് സ്നേഹത്തോടു കൂടിയ ശുശ്രൂഷയാണ്. സ്നേഹിക്കുന്നവരെയാണല്ലോ നാം ഭക്ഷണത്തിനു ക്ഷണിക്കുക. നല്ല ഇടയനായ ഈശോയോടുള്ള സ്നേഹമാണ് അജപാലനശുശ്രൂഷയ്ക്ക് പ്രചോദനമാകേണ്ടത് (യോഹ 21,15-19). ഭക്ഷണമേശയിലെ മറ്റൊരു പ്രത്യേകത സംലഭ്യതയാണ്. ആർക്ക്, എപ്പോൾ, എവിടെ ശുശ്രൂഷ ആവശ്യമുണ്ട് എന്നു നോക്കിക്കണ്ട് ജാഗ്രതയോടും സംലഭ്യതയോടുംകൂടെവേണം അജപാലനശുശ്രൂഷ നിർവഹിക്കുവാൻ. ഇപ്രകാരം ശുശ്രൂഷ ചെയ്യുന്നവർക്കുള്ള പ്രതിഫലവും ഈശോ ഇവിടെ വ്യക്തമാക്കുന്നുണ്ട്: "എന്റെ പിതാവ് എനിക്കു രാജ്യം കല്പിച്ചു തന്നിരിക്കുന്നതുപോലെ ഞാൻ നിങ്ങൾക്കും തരുന്നു. അത് നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽനിന്നു ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നതിനുവേണ്ടിയത്രേ" (22,29-30). ഈശോയുടെ ജീവിതശുശ്രൂഷയിൽ പങ്കുചേരുന്നവർക്ക് അവിടുത്തെ സ്വർഗീയമഹത്ത്വത്തിലും പങ്കുചേരുവാൻ കഴിയും.

### 4. വിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ട ജീവിതം

"*ശിമയോൻ, ശിമയോൻ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ, നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ചുവന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം*" (22,31-32).

മിശിഹായിലുള്ള ജീവിതവും ശുശ്രൂഷയുമെല്ലാം അധിഷ്ഠിതമായിരിക്കുന്നത് വിശ്വാസജീവിതത്തിലാണ്. വിശ്വാസികളുടെ സമൂഹമെന്നാണല്ലോ സഭ ആരംഭംമുതലേ വിശേഷിപ്പിക്കപ്പെടുന്നത് (നട 4,32). വിശ്വാസജീവിതം അവശ്യം പരീക്ഷിക്കപ്പെടുന്ന ജീവിതമാണ്. ഈശോയെ പരീക്ഷിച്ച സാത്താൻ ഈശോയിൽ വിശ്വസിക്കുന്നവരെയും പരീക്ഷിക്കും. ഈശോയുടെ ജീവിതത്തിലുടനീളം പ്രലോഭനങ്ങൾ അനുഭവവേദ്യമായിരുന്നെങ്കിൽ ഈശോയുടെ തുടർച്ചയായ സഭയിലും പ്രലോഭനങ്ങൾ ഉണ്ടാകും എന്നുള്ള ഒരു മുന്നറിയിപ്പാണ് ശിമയോനോടുള്ള അവിടുത്തെ വാക്കുകൾ. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളിൽ എപ്പോഴും എതിരാളിയായി സാത്താനുമുണ്ടാകും. ഇത് ദൈവത്തിന്റെ പദ്ധതിയുടെ

ഭാഗമാണ്. വിശ്വാസത്തിന്റെ മാറ്റുരച്ചു നോക്കാൻ ദൈവം അനുവദിക്കുന്നതുമാണ്. ജോബിന്റെ പരീക്ഷണങ്ങൾ ഇതിനു തെളിവുകളാണ് (ജോബ് 1,9-11). അതുകൊണ്ട് വിശ്വാസജീവിതം നിരന്തരമായ ജാഗ്രതയുടെയും പ്രാർത്ഥനയുടെയും ജീവിതമായിരിക്കണം എന്നു വ്യക്തമാക്കുന്ന ഒരു വചനഭാഗമാണ് ഈശോയും ശിമയോൻ പത്രോസും തമ്മിലുള്ള ഈ സംഭാഷണം. പത്രോസിന്റെ ആദ്യ പേരായ ശിമയോൻ എന്ന പേരാണ് ഈശോ വിളിക്കുന്നത്. അത് അവിടുന്ന് ആവർത്തിച്ചു വിളിക്കുകയും ചെയ്യുന്നു. ശിമയോൻ പത്രോസിന്റെ വിളിയുടെ സന്ദർഭത്തിൽ ഈശോ സംബോധന ചെയ്ത പേരാണ് (5,1-11) ഇവിടെ ഉപയോഗിക്കുന്നത്. ഒരുപക്ഷേ, പത്രോസിന്റെ വിളിയെയും ദൗത്യത്തെയും ഓർമ്മിപ്പിക്കുവാനായിരിക്കാം ഇപ്രകാരം സംബോധന ചെയ്യുന്നത്. ശിഷ്യന്മാരിലും ശ്ലീഹന്മാരിലും ഒന്നാമനായ ശിമയോന്റെ വിശ്വാസം സാത്താന്റെ പരീക്ഷയിൽ ക്ഷയിച്ചാൽ മറ്റു ശ്ലീഹന്മാരുടെയും വിശ്വാസികളുടെയും വിശ്വാസത്തെ അതു ബാധിക്കും. അതുകൊണ്ട് ഈശോ തന്റെ പ്രാർത്ഥനയാൽ ശിമയോനെ വിശ്വാസത്തിൽ ശാക്തീകരിക്കുകയാണ്. പ്രാർത്ഥനയും വിശ്വാസവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. വിശ്വാസമുള്ളവരേ പ്രാർത്ഥിക്കൂ. പ്രാർത്ഥന വിശ്വാസത്തിന്റെ പ്രകാശനമാണ്. അതേസമയം, പ്രാർത്ഥന വിശ്വാസത്തിൽ വളരാനുള്ള ഉപാധിയുമാണ്. പ്രാർത്ഥനയില്ലെങ്കിൽ വിശ്വാസം തളർന്നുപോകും. സാവകാശം വിശ്വാസം നഷ്ടപ്പെടാനും സാദ്ധ്യതയുണ്ട്. സമർപ്പണജീവിതം ഉപേക്ഷിച്ചു പോകുന്നതിന്റെ പ്രധാനപ്പെട്ട കാരണം പ്രാർത്ഥനയില്ലാതാകുന്നതാണ്.

പത്രോസ് തന്റെ മാനുഷികമായ തീർച്ചയിൽ ആശ്രയിച്ചുകൊണ്ട് പറയുന്നു: "കർത്താവേ, നിന്റെ കൂടെ കാരാഗൃഹത്തിലേക്കു പോകാനും മരിക്കാൻ തന്നെയും ഞാൻ തയ്യാറാണ്" (22,33). വിശ്വാസജീവിതവും സമർപ്പണജീവിതവും മാനുഷികമായ തീർച്ചയിൽ ഉറപ്പിക്കുന്നത് ഭോഷത്വമാണെന്ന് ഈശോ പത്രോസിനെ ഓർമ്മിപ്പിക്കുന്നു: "പത്രോസേ, ഞാൻ നിന്നോടു പറയുന്നു, നീ എന്നെ അറിയുകയില്ല എന്നു മൂന്നു പ്രാവശ്യം നിഷേധിച്ചു പറയുന്നതിനുമുമ്പ് ഇന്നു കോഴി കൂവുകയില്ല" (22,34). പിന്നീട് തന്റെ ജീവിതാനുഭവത്തിലൂടെ പത്രോസ് അതു പഠിക്കുകയും ചെയ്തു. വിശ്വാസം ദൈവത്തിന്റെ ദാനമാണ്. പത്രോസ്



ഈശോയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞത് സ്വർഗീയപിതാവിന്റെ വെളിപ്പെടുത്തലിന്റെ ഫലമായിട്ടാണെന്ന് ഈശോ പറഞ്ഞിട്ടുള്ളതാണ് (മത്താ 16,16-17). വിശ്വാസത്തിലേക്കുള്ള പ്രവേശനം ദൈവത്തിന്റെ ദാനമാണെങ്കിൽ വിശ്വാസത്തിലുള്ള നിലനില്പും ദൈവത്തിന്റെ ദാനമാണ്. ഈ ദാനം ഫലദായകമാകുന്നത് പ്രാർത്ഥനയിലൂടെയാണ്.

"നീ തിരിച്ചുവന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം" (22,32) എന്നുകൂടി ഈശോ പത്രോസിനോടു പറഞ്ഞു. 'തിരിച്ചുവരിക' എന്ന പദം മാനസാന്തരത്തെക്കുറിക്കുന്ന പദമാണ് (നെഹ 1,9; ഏശ 6,10; ജറെ 3,10; ലൂക്കാ 1,16-17; 17,4). പത്രോസിന്റെ വീഴ്ചയും തിരിച്ചുവരവും (22,54-62) ഈശോ ഇവിടെ പ്രവചിക്കുന്നു. അതോടൊപ്പം സഭ മുഴുവനോടുമുള്ള പത്രോസിന്റെ ദൗത്യവും ഇവിടെ സൂചിപ്പിക്കുന്നു. പത്രോസ് വിശ്വാസത്തിൽ നിലനില്ക്കുകയും സഭാംഗങ്ങളെയെല്ലാം വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയും ചെയ്യണം. വിശ്വാസികളുടെ സമൂഹത്തിന്റെ ശുശ്രൂഷകരായ പുരോഹിതരും പ്രാർത്ഥനാജീവിതത്തിലൂടെ വിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ടവരും തന്റെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടവരെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുന്നവരുമാകണം.

### 5. അരൂപിയിൽ ശക്തിപ്രാപിക്കുന്ന ജീവിതം

"*അവൻ പറഞ്ഞു: എന്നാൽ, ഇപ്പോൾ മടിശ്ശീലയുള്ളവൻ അതെടുക്കട്ടെ; അതുപോലെതന്നെ ഭാണ്ഡവും. വാളില്ലാത്തവൻ സ്വന്തം കുപ്പായം വിട്ട് വാൾ എടുക്കട്ടെ*" (22,36).

പണവും വാളും കരുതാൻ ഈശോ ശിഷ്യരോട് ആവശ്യപ്പെടുന്നു. ഈശോ ആദ്യം ശ്ലീഹന്മാരെ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ അയച്ചപ്പോൾ യാത്രയ്ക്കു വടിയോ സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത് എന്നു നിർദ്ദേശിച്ചു (9,3). വീണ്ടും, എഴുപത്തിരണ്ടു ശിഷ്യരെ അയച്ചപ്പോൾ മടിശ്ശീലയോ സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത് എന്നും ഉപദേശിച്ചു (10,34). അന്ന് അവർക്ക് ഒന്നിനും കുറവുണ്ടായില്ല എന്ന് അവരെ ഓർമ്മിപ്പിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ പണവും വാളും കരുതുവാൻ ഈശോ ശിഷ്യരെ ഉപദേശിക്കുകയാണ്. കാരണം, ഈശോയുടെ സഹനകാലം

ആരംഭിക്കുകയാണ്. ഈശോയുടെ സഹനം ശിഷ്യരുടെ സഹനത്തിന്റെ മുന്നോടിയാണ്. അവിടുത്തെ ശിഷ്യരുടെ സമൂഹമായ സഭയ്ക്കും പീഡനങ്ങൾ നേരിടേണ്ടിവരും. അതുകൊണ്ട് അപ്രകാരമുള്ള പുതിയ സാഹചര്യങ്ങളെ നേരിടുവാൻ കരുത്താർജ്ജിക്കണം. "വാളില്ലാത്തവൻ സ്വന്തം കുപ്പായം വിറ്റ് വാൾ വാങ്ങട്ടെ" (22,36) എന്നു 5. അരൂപിയിൽ ശക്തിപ്രാപിക്കുന്ന ജീവിതം

"*അവൻ പറഞ്ഞു: എന്നാൽ, ഇപ്പോൾ മടിശ്ശീലയുള്ളവൻ അതെടുക്കട്ടെ; അതുപോലെതന്നെ ഭാണ്ഡവും. വാളില്ലാത്തവൻ സ്വന്തം കുപ്പായം വിറ്റ് വാൾ എടുക്കട്ടെ*" (22,36).

പണവും വാളും കരുതാൻ ഈശോ ശിഷ്യരോട് ആവശ്യപ്പെടുന്നു. ഈശോ ആദ്യം ശ്ലീഹന്മാരെ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ അയച്ചപ്പോൾ യാത്രയ്ക്കു വടിയോ സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത് എന്നു നിർദ്ദേശിച്ചു (9,3). വീണ്ടും, എഴുപത്തിരണ്ടു ശിഷ്യരെ അയച്ചപ്പോൾ മടിശ്ശീലയോ സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത് എന്നും ഉപദേശിച്ചു (10,34). അന്ന് അവർക്ക് ഒന്നിനും കുറവുണ്ടായില്ല എന്ന് അവരെ ഓർമ്മിപ്പിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ പണവും വാളും കരുതുവാൻ ഈശോ ശിഷ്യരെ ഉപദേശിക്കുകയാണ്. കാരണം, ഈശോയുടെ സഹനകാലം ആരംഭിക്കുകയാണ്. ഈശോയുടെ സഹനം ശിഷ്യരുടെ സഹനത്തിന്റെ മുന്നോടിയാണ്. അവിടുത്തെ ശിഷ്യരുടെ സമൂഹമായ സഭയ്ക്കും പീഡനങ്ങൾ നേരിടേണ്ടിവരും. അതുകൊണ്ട് അപ്രകാരമുള്ള പുതിയ സാഹചര്യങ്ങളെ നേരിടുവാൻ കരുത്താർജ്ജിക്കണം. "വാളില്ലാത്തവൻ സ്വന്തം കുപ്പായം വിറ്റ് വാൾ വാങ്ങട്ടെ" (22,36) എന്നുപറഞ്ഞത് സായുധവിപ്ലവത്തിനുള്ള ആഹ്വാനമല്ല. സഭയ്ക്ക് എന്നും എതിർപ്പ് അഭിമുഖീകരിക്കേണ്ടിവരും. അതിനാൽ നിരന്തരം കരുതലോടെയിരിക്കണം. "സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുനില്ക്കുവാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ 6,11) എന്ന വി. പൗലോസിന്റെ ആഹ്വാനത്തിനു സദൃശ്യമായ ഒരാഹ്വാനമാണ് ഈശോ ഇവിടെ നല്കുന്നത്. "ദൈവവചനമാകുന്ന അരൂപിയുടെ വാൾ എടുക്കുകയും ചെയ്യുവിൻ" (എഫേ 6,17) എന്ന് പൗലോസ്ശ്ലീഹാ പറയുന്നുണ്ട്. ഈശോ ഈ വാൾ ഉപയോഗിച്ചാണ് സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിച്ചത് (ലൂക്കാ 4,1-13). അതുപോലെ ശിഷ്യരും അരൂപിയിൽ ശക്തി പ്രാപിച്ച് പൈശാചികശക്തികൾക്കെതിരേ സജ്ജരാകണം.



അവസാനമായി, ഔദ്യോഗികവും ആധികാരികവുമായി ഈശോ ശിഷ്യരോടു പറയുന്നു. "ഞാൻ നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞാണ് ഇക്കാര്യം പറയുന്നത്: "അവൻ നിയമലംഘകരോടുകൂടെ എണ്ണപ്പെട്ടു എന്നെഴുതപ്പെട്ടിരിക്കുന്നത് എന്നിൽ നിവൃത്തിയാകേണ്ടിയിരിക്കുന്നു. എന്തെന്നാൽ, എന്നെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നത് പൂർത്തിയാകേണ്ടതാണ്" (22,37). ഏശയ്യായുടെ പ്രവചനത്തിൽ സഹനദാസനെപ്പറ്റി പറയുന്ന പ്രസ്താവനയാണിത്: "അവൻ തന്റെ ജീവനെ മരണത്തിന് ഏല്പിച്ചുകൊടുക്കുകയും പാപികളോടുകൂടി എണ്ണപ്പെടുകയും ചെയ്തു. എന്നിട്ടും അനേകരുടെ പാപഭാരം അവൻ പേറി; അതിക്രമങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചു" (ഏശ 53,12). ഈശോയെ ഏശയ്യായിലെ സഹനദാസനായി ചിത്രീകരിക്കുന്നത്, അവിടുത്തെ പീഡാനുഭവവിവരണത്തിന്റെ പ്രത്യേകതയാണ്. ലൂക്കാ സുവിശേഷകനിൽ ഇതിന് ഒരു പ്രത്യേക പ്രാധാന്യമുണ്ട്. ലൂക്കാ സുവിശേഷകൻ ഈശോയുടെ പരസ്യജീവിതവിവരണം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും സഹനദാസനായി ഈശോയെ ചിത്രീകരിച്ചുകൊണ്ടാണ്. തന്റെ പരസ്യശുശ്രൂഷയുടെ ഉത്ഘാടനപ്രഘോഷണത്തിൽ, ഇന്ന് ഈ തിരുവെഴുത്ത് പൂർത്തിയായി എന്ന് ഏശയ്യായുടെ സഹനഗീതത്തിൽ നിന്നു തന്നെ ഉദ്ധരിച്ചുകൊണ്ടാണ് ഈശോ പ്രസ്താവിക്കുന്നത് (ഏശ 61,1; 58,6=ലൂക്കാ 4,17-21). ഈശോയുടെ പരസ്യശുശ്രൂഷയുടെ പ്രാരംഭംമുതൽ നിർവഹിക്കപ്പെട്ടുപോരുന്ന തിരുവെഴുത്തു പൂർത്തീകരണത്തിന്റെ പരിസമാപ്തി സമീപസ്ഥമായിരിക്കുന്നു. തന്റെ സഹനവും മരണവും, പാപപരിഹാരപ്രദവും രക്ഷാകരവുമാണെന്നും അത് ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ തന്നെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ളതിന്റെ നിശ്ചിതഫലവുമാണെന്നും ഈശോ വ്യക്തമാക്കുകയാണ്. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങൾക്ക് ഒരു രക്ഷാകരമൂല്യമുണ്ടെന്നും, അത് നമ്മെ സംബന്ധിച്ചുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണെന്നും വിശ്വസിക്കുവാൻ നമുക്കു കഴിയണം.

**ജീവിതസൂചിക**

1. പുതിയ പെസഹാക്കുഞ്ഞാടായ മിശിഹായോട് ഐക്യപ്പെട്ട ജീവിതമാണോ ഞാൻ നയിക്കുന്നത്?
2. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുവാൻ ഞാൻ എത്രമാത്രം പരിശ്രമിക്കുന്നു?
3. മിശിഹായുടെ ശുശ്രൂഷാചൈതന്യം സ്വന്തമാക്കാൻ ഞാൻ എത്രമാത്രം ശ്രമിക്കുന്നുണ്ട്?
4. പ്രലോഭനങ്ങളെ ചെറുത്തുനിന്ന് വിശ്വാസത്തിൽ ഉറപ്പിക്കപ്പെടാനും മറ്റുള്ളവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
5. അരൂപിയിൽ ശക്തിപ്രാപിച്ചും ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായി കരുതിയും സഹനജീവിതം നയിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

# ക്രിസ്തുജ്യോതി

## CJ. 69/15 വി. ചാൾസ് ബൊറോമിയയുടെ തിരുനാളും മതാദ്ധ്യാപക ദിനവും

വി. ചാൾസ് ബൊറോമിയയുടെ തിരുനാളും മതാദ്ധ്യാപക ദിനവും സ്റ്റഡിഫോറവും വേണ്ടവിധം നടത്തുമല്ലോ. നവംബർ മാസത്തെ സ്റ്റഡിഫോറം വിഷയം ഒക്ടോബർ ലക്കം താലന്ത് മാസികയിലെ വിഷയങ്ങളായിരിയ്ക്കും.



## CJ. 71/15 ലോഗോസ് ക്വിസ് സംസ്ഥാന പരീക്ഷ

ലോഗോസ് ക്വിസ് സംസ്ഥാനതല പരീക്ഷ നവം. 28 നും സമർപ്പിതർക്കായുള്ള പ്രത്യേക ക്വിസ് മത്സരം നവം. 27-ാം തീയതിയുമാണ് നടക്കുക

## CJ. 72/15 സുവിശേഷോത്സവ് പുസ്തകത്തിനുള്ള ഓർഡർ

സുവിശേഷോത്സവത്തിനുള്ള പുസ്തകത്തിന്റെ ഓർഡർ നൽകുവാനുള്ള അവസാന തിയതി നവംബർ 30 ആണ്.

## CJ. 73/15 ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ്

ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ് ഈ വർഷം 24/09/2015 ൽ വാഴത്തോപ്പിൽ നടത്തിയതിനാൽ സൺഡേസ്കൂൾ കലണ്ടറിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നതു പോലെ നവംബർ 21 ന് ആത്മജ്യോതിയിൽ നടത്താനിരുന്ന കോൺഫ്രൻസ് ഉണ്ടായിരിയ്ക്കുന്നതല്ല.

## CJ. 74/15 ലോഗോസ് ക്വിസ് 2015 റിസൽട്ട്

ലോഗോസ് ക്വിസ് 2015 - രൂപതാതല പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

**വിഭാഗം : A**

1. Athira Siby Padinjaredathu, St. Thomas Church, Erattayar.
2. Minnu Emmanuel Assarikudiyil, St. George's Catherdral Church Vazhathope
3. Maria George Cheeramkunnel, Holy Family Church Nazarathuvalley.
4. Jisna Maria Thoduvanal, St. Joseph's Nazreth (Pachady).
5. Manu Emmanuel Assarikudiyil, St. George's Catherdral Church Vazhathope.
6. William Mathew Manakunnel, BVM ASSUM. Church

Panniyarkutty
7. Dellona Thomas Viruthiyel, St. Peter Church Chempakappara
8. Denna Tomy Karottukunnel, St. George's Catherdral Church Vazhathope
9. Doncy Donish Edayadiyil, St. Thomas Church, Erattayar.
10. Aleena Joseph Puthanpurackal, St. Joseph's Nazreth (Pachady).

### വിഭാഗം : B

1. Sayana Baby Kochuparambil, St. Joseph's Church Koombanmala.
2. Eamil Abraham Cheeramkunnel, Holy Family Church Nazarathuvalley.
3. Anu Thomas Kalayilparambil, St. Mary's Church Neelivayal.
4. Joyal Sebastian Munduparambil, St. George Church Vellayamkudy.
5. Alna Benny Chakkalayil, Holy Family Church Nazarathuvalley.
6. Blessy Varghese Vallyattikari,St. Joseph's Nazreth (Pachady).
7. Arsha Biju Chakiriyamthadathil, St. Sebastian's Church Pottankad.
8. Merlin Michael Vazhayil, St. Antony's Church Kamakshy.
9. Jyothis Abraham Cheeramkunnel, Holy Family Church Nazrethu Valley.
10. Anne George Cheeramkunnel, Holy Family Church Nazrethu Valley.
11. Delna Thankachan Puthenpurackal, St. Mary's Maniyaramkudy.
12. Bismy Benny Pathikkal, St. J. Vianney Church Panickankudy.
13. Anupriya Varkey Kunnakkattu, St. J. Vianney Church Panickankudy.
14. Dona Michael Vadakkel, Holy Cross Church Kurisupara.
15. Chinju George Parackal, BVM PURIF. Church Ponmudy.

### വിഭാഗം : C

1. Anumol Elavumkunnel, St. Thomas Church Thankamany.
2. Alex P. Varghese Ponnambel, Mar Ephrem's Minor Seminary.
3. Nirmal Jose Parackal, Mar Ephrem's Minor Seminary.



4. Sr. Navya CMC, St. George Church Georgiar.
5. Jency Jose FCC, St. Mary's Church Karimpan.
6. Raji Bosco Embarayil, BVM ASSUM. Church Panniyarkutty.
7. Josena Sabastian Mazhuvanmattathil, St. F. Assisi Church Machiplavu.
8. Sneha Philip Ayilikkunnel, St. Antoy's Church Kamakshy.
9. Nikhila Tom SH Convent, BVM Nativity Church Rajakumary
10. Neethu Joseph Pulichamackal, St. Joseph's Church Santhigram.
11. Dalvia CMC Vimala Matha Convent, Vimala Matha Church, Vimalagiri.
12. Rinu Joseph SABS, St. George Church Vellathooval.
13. Jilsy Xavier CMC, BVM Fathima Church Koompanpara.
14. Meenu Sebastian FCC, St. Mary's Church Karimpan.
15. Treesa Vincent Karimthakarakal, St. F. Xaviers Church Chemmannar.

### വിഭാഗം : D

1. Baby Xavier Kochuparambil, St. Joseph's Church Koompanmala.
2. Rosily Manthadathil, St. Thomas Church Thankamany.
3. Sr. Deepthi SABS, Thenammackal, St Jude Church Kuthirakkallu.
4. Anu Geo Mathew Melettu, St. Thomas Church Erattayar.
5. Ancy Donish Edayadiyil, St. Thomas Church Erattayar.
6. Shinni Baby Kochuparampil, St. Joseph's Church Koompanmala.
7. Sr. Therese SABS, Kattackal, St Jude Church Kuthirakkallu.
8. Jancy Thomas Puthoor, St Sebastian Church Pazhayarikandam.
9. Celine Devasia Mundappanal, St. Sebastian's Nenumkandam.
10. Sr. Reeja FCC, Vijaya Matha Church Eattithope.
11. Lincy Jojo Karroor, St Jude Church Kuthirakkallu.
12. Sr. Lisbet FCC, St. Mary's Church Karimpan.
13. Susamma Thomas Kalyilpparambil, St. Mary's Church Neelivayal.
14. Bincy Benny Markuzha, St. Jude Church Adimali.
15. Laly Thonakara, St. Thomas Church Erattayar.

### വിഭാഗം : E

1. Theresiamma George Vadakaraolickal, St. Mary's Church Mankulam.

2. Mathew Thomas Vichattu, St. Thomas Church Erattayar.
3. Annakutty Joseph, BVM IM. CON. Church Murickassery.
4. Sr. Janet CMC, St. George Church Idukki.
5. Valsamma Jose Thachil, BVM Fathima Church Koompanpara.
6. Thomas Ambazhathunkal, BVM IM. CON. Church Murickassery.
7. Elsy Chemmarappallil, St. Josehp's Nazreth (Pachady).
8. Mary Mylankal, Holy Family Church Nazarathu Valley.
9. Mathew Punnaplakkal, Christ The King Church Manjappara.
10. Jose Edasseril, Infant Jesus Church Thovarayar.
11. Rosamma Thomas Palackal, St. Joseph's Church Kallarkutty.
12. Elsy Alexander Kadukanmackal, St. Mary's Church Maniyaramkudy.
13. Leelamma Kuzhikombil, Vimala Matha Church Vimalagiri.
14. Lali Kollamparambil, St. Thomas Church Thankamany.
15. Jessy Jose Ambalathara, BVM PER. HELP Church Keerithode.
16. Celine Paul Kizhakkebhagam, Lourdes Matha Church Vathikudy
17. Sicily Abraham Jeerakathil, St. Jude Church Kanakakunnu.

**വിഭാഗം : F**

1. CD Mathukutty Cheraddil, St. Sebastian's Church Nedumkandam.
2. Sr. Anie Don SH Chattupara St. F. Assisi Church Machiplavu.
3. Sr.Reeta SABS Karintholil, St. Jude Church Kuthirakkallu.
4. Sr. Fidelis CMC, St. Thomas Church Painavu.
5. Sr. Bennoy SH, St. Mary's Church Kanjikuzhi.
6. EM Mariyakutty Cheradiyil, St. Sebastian's Church Nedumkandam.
7. Rosamma Mathew Valliyamthadam, Vijaya Matha Church Eattithope.
8. Appachan Mannathaniyil, St. Joseph's Church Kozhimala.
9. Mathew Varghese Melettu, St. Thomas Church Erattayar.
10. Chacko P.T Pazhoor, St. George's Catherdral Church Vazhathope.
11. Achamma Joseph Mannakathu, St. Mary's Church Udayagiri.
12. Mary Paraparakathu, Vimala Matha Church Vimalagiri.
13. Wilson Peter Vayaliltharayil, St. Antony Church Thookupalam.



14. Marykutty Punnathanathukunnel, St. Thomas Church Erattayar.

ഓരോ ഇടവകയിലേയും ഉയർന്ന മാർക്ക് വാങ്ങിയവരുടെ റിസൾട്ട് ഇന്റർനെററിൽ ലഭ്യമാണ്. ലോഗോസ് ക്വിസ്സിന് ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ക്രിസ്തുജ്യോതിയുടെ അഭിനന്ദനങ്ങൾ.

## CJ. 75/15 ലോഗോസ് പ്രതിഭ

ലോഗോസ് ക്വിസിന് നൂറിൽ നൂറു മാർക്കും വാങ്ങി ലോഗോസ് പ്രതിഭ സ്ഥാനം കരസ്ഥമാക്കിയത് കൂമ്പൻമല സെന്റ്. ജോസഫ്സ് ചർച്ച് ഇടവകാംഗമായ ബേബി സേവ്യർ കൊച്ചുപറമ്പിൽ ആണ്. ബേബി സേവ്യറിന് ക്രിസ്തു ജ്യോതിയുടെ അഭിനന്ദനങ്ങൾ.

## CJ. 76/15 കൂടുതൽ പങ്കാളിത്തമുള്ള ഇടവകകൾ

ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ.

1. സെന്റ് തോമസ് ഫൊറോന ചർച്ച്, ഇരട്ടയാർ.
2. സെന്റ് ജോർജ് ഫൊറോന ചർച്ച്, വെള്ളയാംകുടി.
3. ഇൻഫന്റ് ജീസസ് ചർച്ച് തൊവരയാർ.

ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടപ്പിച്ച ഇടവകകൾ.

1. ഇൻഫന്റ് ജീസസ് ചർച്ച് തൊവരയാർ.
2. സെന്റ് ജൂഡ് ചർച്ച് കുതിരക്കല്ല്
3. സെന്റ് ആന്റണീസ് ചർച്ച് കാമാക്ഷി.
4. സെന്റ് ആന്റണീസ് ചർച്ച് ബൈസൺവാലി.

ബഹു. വികാരിയച്ചൻമാർക്കും മതാദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

## CJ. 77/15 നല്ല പെർഫോമൻസ് കാഴ്ചവച്ച ഇടവക

ലോഗോസ് ക്വിസിന് ഏറ്റവും നല്ല പെർഫോമൻസ് കാഴ്ച വച്ച ഇടവക ഇൻഫന്റ് ജീസസ് ചർച്ച് തൊവരയാറാണ്. ബഹു. വികാരിയച്ചനും മതാദ്ധ്യാപകർക്കും സംഘടനാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഹോളി ഫാമിലി ചർച്ച് നസ്രത്തുവാലി, സെന്റ് ജോസഫ് ചർച്ച് പച്ചടി എന്നീ ഇടവകകളും നല്ല നിലവാരം കാഴ്ചവച്ചു. എല്ലാവർക്കും ക്രിസ്തു ജ്യോതിയുടെ പ്രത്യേക അഭിനന്ദനങ്ങൾ.

## CJ. 78/15 ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ മതാദ്ധ്യാപകർ

**I. സന്യസ്ഥർ**

I st Sr. Deepthy SABS - Kuthiraklu

II nd Sr. Therese SABS - Kuthiraklu

**II. അല്മായർ**

I st Baby Xavier Kochuparmbil - Koompanmala

II nd Ancy Donish Edayadiyil - Erattayar

## CJ. 79/15 ലോഗോസ് ക്വിസിന് സമർപ്പിത വിഭാഗത്തിൽ രൂപതയെ പ്രതിനിധീകരിയ്ക്കുന്നവർ

സമർപ്പിത വിഭാഗത്തിൽ ലോഗോസ് ക്വിസിന് സംസ്ഥാന തലത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവർ.

1. Sr. Deepthy SABS - Kuthiraklu
2. Sr. Therese SABS - Kuthiraklu
3. Sr. Reeja FCC - Eattithope
4. Sr. Lisbet FCC - Karimpan
5. Sr. Navya CMC - Georgiar



## CJ. 80/15 സഹ്യജ്യോതി +2 മീറ്റ്

പന്ത്രണ്ടാം ക്ലാസ്സിൽ വിശ്വാസ പരിശീലനം നടത്തിക്കൊണ്ടിരിയ്ക്കുന്ന മുഴുവൻ കുട്ടികളെയും ഒന്നിച്ചുകൂട്ടി ഫൊറോനതലത്തിൽ സഹ്യജ്യോതി +2 മീറ്റ് എന്ന പേരിൽ സംഗമം നടത്തപ്പെടുന്നു. നവംബർ പത്തിനാണ് എല്ലാ ഫൊറോനകളിലും സംഗമം നടത്തപ്പെടുന്നത്. +2 മീറ്റ്, വിശ്വാസ പരിശീലന പരിപാടിയുടെ ഭാഗമാണ്. പന്ത്രണ്ടാം ക്ലാസ്സ് അറ്റൻൻസ് റജിസ്റ്ററിന്റെ ഒരു കോപ്പിയുമായി ക്ലാസ്സ് ടീച്ചറും +2 മീറ്റിൽ പങ്കെടുക്കേണ്ടതാണ്. രജി. ഫീസ് 50 രൂപയാണ്. ഉച്ചഭക്ഷണം കുട്ടികൾക്ക് നല്കുന്നതായിരിക്കും. കുട്ടികൾ നോട്ടുബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്. ക്ലാസ്സുകൾ നടത്തുവാനും ഉച്ചഭക്ഷണം കൊടുക്കുവാനുമുള്ള ക്രമീകരണങ്ങൾ ബഹു. വികാരിയച്ചനും സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററും കൂടിയാലോചിച്ച് ചെയ്യുമല്ലോ. രാവിലെ 9.30 ന് രജിസ്ട്രേഷനോടെ പരിപാടി ആരംഭിയ്ക്കുകയും 3.30 ന് സമാപിക്കുകയും ചെയ്യും.

കൂമ്പൻപാറ ഫൊറോന സംഗമം അടിമാലി ആത്മജ്യോതിയിൽ വച്ചാണ് നടത്തുന്നത്. വെള്ളത്തൂവൽ ഫൊറോനയിൽ +2 സംഗമം ഇല്ല. വെള്ളത്തൂവൽ ഫൊറോനയിലെ കല്ലാർകുട്ടി, ചെല്ലിയാംപാറ, കുത്തുപാറ എന്നീ ഇടവകകളിലെ കുട്ടികൾ അടിമാലി ആത്മജ്യോതിയിലും ബാക്കി ഇടവകകൾ രാജാക്കാടുമാണ് പങ്കെടുക്കേണ്ടത്.

## CJ. 81/15 ബൈബിൾ പാരായണ മാസം

2015 ഡിസംബർ 1 -ാം തിയതി മുതൽ 31 -ാം തിയതി വരെ ബൈബിൾ പാരായണ മാസമായി ആചരിക്കുകയാണല്ലോ. ഓരോ ഇടവകയിലും സമ്പൂർണ്ണ ബൈബിൾ പാരായണം ഉചിതമായ രീതിയിൽ നടത്തുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിയ്ക്കുമല്ലോ. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് താഴെ കൊടുത്തിരിക്കുന്ന ടേബിൾ ഉപയോഗിക്കാവുന്നതാണ്.

## സമ്പൂർണ ബൈബിൾ പാരായണത്തിന് ഒരു മാർഗരേഖ

(ഡിസംബർ: ബൈബിൾ പാരായണമാസം)

| തീയതി | വായന |
|---|---|
| 01 | ഉത്പ 1-38 |
| 02 | ഉത്പ 39-50 |
| | പുറ 1-27 |
| 03 | പുറ 28-40 |
| | ലേവ്യ 1-23 |
| 04 | ലേവ്യ 24-27 |
| | സംഖ്യ 1-28 |
| 05 | സംഖ്യ 29-36 |
| | നിയ 1-31 |
| 06 | നിയ 32-34 |
| | ജോഷ്വ 1-24 |
| | ന്യായാ 1-13 |
| 07 | ന്യായാ 14-21 |
| | റൂത്ത് 1-4 |
| | 1 സാമു 1-31 |

| | |
|---|---|
| | 2 സാമു 1-6 |
| 08 | 2 സാമു 7-24 |
| | 1 രാജാ 1-17 |
| 09 | 1 രാജാ 18-22 |
| | 2 രാജ 1-25 |
| | 1 ദിന 1-6 |
| 10 | 1 ദിന 7-29 |
| | 2 ദിന 1-19 |
| 11 | 2 ദിന 20-36 |
| | എസ്രാ 1-10 |
| | നെഹെ 1-13 |
| | തോബി 1-3 |
| 12 | തോബി 4-14 |
| | യൂദി 1-16 |
| | എസ്തേ 1-16 |
| | 1 മക്ക 1-5 |

| | |
|---|---|
| 13 | 1 മക്ക 6-16 |
| | 2 മക്ക 1-15 |
| 14 | ജോബ് 1-42 |
| 15 | സങ്കീ 1-76 |
| 16 | സങ്കീ 77-134 |
| 17 | സങ്കീ 135-150 |
| | സുഭാ 1-31 |
| | സഭാ 1-3 |
| 18 | സഭാ 4-12 |
| | ഉത്ത 1-8 |
| | ജ്ഞാനം 1-19 |
| | പ്രഭാ 1-17 |
| 19 | പ്രഭാ 18-51 |
| | ഏശ 1-8 |
| 20 | ഏശ 9-66 |
| 21 | ജറെ 1-47 |

| | |
|---|---|
| 22 | ജറെ 48-52 |
| | വിലാ 1-5 |
| | ബാറു 1-6 |
| | എസെ 1-22 |
| 23 | എസെ 23-48 |
| | ദാനി 1-14 |
| 24 | ഹോസി 1-14 |
| | ജോയേ 1-3 |
| | ആമോ 1-9 |
| | ഒബാ 1 |
| | യോനാ 1-4 |
| | മിക്ക 1-7 |
| | നാഹും 1-3 |
| | ഹബ 1-3 |
| | സെഫാ 1-3 |
| | ഹഗ്ഗ 1-2 |

| | |
|---|---|
| | സഖ 1-14 |
| | മല 1-4 |
| 26 | മത്താ 1-28 |
| | മർക്കോ 1-7 |
| 27 | മർക്കോ 8-16 |
| | ലൂക്ക 1-24 |
| 28 | യോഹ 1-21 |
| | അപ്പ 1-13 |
| 29 | അപ്പ 14-28 |
| | റോമ 1-16 |
| | 1 കോറി 1-16 |
| 30 | 2 കോറി 1-13 |
| | ഗല 1-6 |
| | എഫേ 1-6 |
| | ഫിലി 1-4 |
| | കൊളോ 1-4 |

| | |
|---|---|
| | 1 തെസ്സ 1-5 |
| | 2 തെസ്സ 1-3 |
| | 1 തിമോ 1-6 |
| | 2 തിമോ 1-4 |
| | തീത്തോ 1-3 |
| | ഫിലെ 1 |
| 31 | ഹെബ്രാ 1-13 |
| | യാക്കോ 1-5 |
| | 1 പത്രോ 1-5 |
| | 2 പത്രോ 1-3 |
| | 1 യോഹ 1-5 |
| | 2 യോഹ 1 |
| | 3 യോഹ 1 |
| | യൂദ 1 |
| | വെളി 1-22 |





### Edn.37/15 അക്കാഡമിക് കൗൺസിൽ സ്കോളർഷിപ്പ്

അക്കാഡമിക് കൗൺസിൽ സ്കോളർഷിപ്പിൽ പങ്കെടുക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ എണ്ണം നവം. 30ന് മുമ്പ് പ്രഥമാദ്ധ്യാപകർ ഓഫീസിൽ എത്തിക്കേണ്ടതാണ്.

### Edn.38/15 Success Mind

Success Mind പരിശീലന ക്ലാസ്സിൽ പങ്കെടുക്കുവാനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കുട്ടികൾക്കുള്ള അടുത്ത ക്ലാസ് നവം. 7 ശനിയാഴ്ച ഇരട്ടയാർ, മുരിക്കാശ്ശേരി സെന്ററുകളിൽ ഉണ്ടായിരിക്കും. പുതിയ കുട്ടികളേയും കഴിഞ്ഞ ബാച്ചിൽ ഉണ്ടായിരുന്ന കുട്ടികളേയും ഈ ക്ലാസ്സിലേയ്ക്ക് പറഞ്ഞു വിടുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

### Edn.38/15 സ്നേഹനിധി ചികിത്സാ സഹായ പദ്ധതി

ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി രൂപതയുടെ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ചികിത്സാ സഹായപദ്ധതി -**സ്നേഹനിധി** -2015 ഒക്ടോബർ 13 ന് മുരിക്കാശ്ശേരി ഹയർ സെക്കന്ററി സ്കൂളിൽ വച്ച് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. പ്രതിമാസം 10 രൂപ പ്രീമിയമായി ശേഖരിക്കുന്ന തുകയും, അദ്ധ്യാപക - രക്ഷകർത്യ അഭ്യുദയകാംഷികളിൽ നിന്നും കിട്ടുന്ന സംഭാവനകളുംകൊണ്ട് സമാഹരിക്കുന്ന ഫണ്ടിൽ നിന്നും 15,000 മുതൽ 1,00,000 വരെ (ചികിത്സയുടെ ഗൗരവം അനുസരിച്ച്) ചികിത്സാ സഹായമായി കൊടുക്കുവാനുള്ള പദ്ധതിയാണിത്. ഇതിന്റെ

വിശദാംശങ്ങൾ ഓരോ സ്കൂളിലും അറിയിച്ചിട്ടുണ്ട്. ചികിത്സാ ചിലവുകൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ പരസ്പര സഹകരണത്തോടെ നമ്മുടെ സ്കൂളിലെ കുട്ടികളോടുള്ള കരുതലിന്റെ ഒരു ഇടപെടലാണ് ടീച്ചേഴ്സ് ഗിൽഡ് ആവിഷ്കരിച്ചിരിക്കുന്ന ഈ നൂതന പദ്ധതി. ഈ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി സുമനസ്സുകളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ പ്രസിഡന്റ് ശ്രീ. ബിനോയി മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ ഫാ. ജോസ് കരിവേലിക്കൽ, ഫാ. മാത്യു തൊട്ടിയിൽ, ഫാ. ജയിംസ് പാലയ്ക്കാമറ്റം, ശ്രീ. സിബി വലിയമറ്റം, ശ്രീ. ലൂക്കാ വി.വി., ശ്രീ. സണ്ണി ജോർജ്, ശ്രീ. ജിജി എബ്രഹാം എന്നിവർ സംസാരിച്ചു.

# സോഷ്യൽ സർവ്വീസ്

## SS 71/15 ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ നേതൃസംഗമം

ഇടുക്കി രൂപതാ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ നേതൃസംഗമവും, വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ഒക്ടോബർ 10 ന് രാജമുടി ക്രിസ്തുരാജ പാരീഷ് ഹാളിൽ നടത്തുകയുണ്ടായി. ആയിരത്തോളം പേർ പങ്കെടുത്ത സമ്മേളനത്തിൽ സൊസൈറ്റി രക്ഷാധികാരി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷനായി. ഇടുക്കി ജില്ലാ കളക്ടർ വി. രതീശൻ ഐ.എ.എസ്. സമ്മേളനംഉദ്ഘാടനം ചെയ്തു. സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ആമുഖ പ്രഭാഷണവും, ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ട് കെ. വി. ജോസഫ് ഐ.പി.എസ്. മുഖ്യ പ്രഭാഷണവും, സൊസൈറ്റി പ്രസിഡന്റ് മോൺ. ജയിംസ് മംഗലശ്ശേരി അനുഗ്രഹ പ്രഭാഷണവും നടത്തി.



സൊസൈറ്റി പുതുതായി ആരംഭിക്കുന്ന ആശാകിരണം ബോധവൽക്കരണ പദ്ധതി, ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനി, ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനി, ഇടുക്കി സ്പൈസസ് ഇ-മാർക്കറ്റിംഗ് തുടങ്ങി വിവിധ പരിപാടികളുടെ ഉദ്ഘാടനം പ്രസ്തുതസമ്മേളനത്തിൽ നടന്നു. മികച്ച ജൈവകർഷക അവാർഡ് പടമുഖം സ്വദേശി ശ്രീ. സിബിച്ചൻ ചക്കാംകുന്നേലിന് നൽകി. പ്രശസ്തി ഫലകവും 5001 രൂപ ക്യാഷ് അവാർഡും ആണ് നൽകിയത്. മികച്ച പ്രവർത്തനങ്ങൾ നടത്തിയ യൂണിറ്റിനുള്ള അവാർഡുകൾ യഥാക്രമം മുരിക്കാശ്ശേരി, ലോവർ കുളമാവ് എന്നീ യൂണിറ്റുകൾ കരസ്ഥമാക്കി. മികച്ച സംരംഭം നടത്തുന്ന യൂണിറ്റിനുള്ള അവാർഡ് തൂക്കുപാലം യൂണിറ്റിന് ലഭിച്ചു.എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും A+ കിട്ടിയ സംഘാംഗങ്ങളുടെ കുട്ടികൾക്ക് നല്കുന്ന ക്യാഷ് അവാർഡിന് 24 കുട്ടികൾ അർഹരായി.

കാരിത്താസ് സോണൽ മാനേജർ വി. ആർ ഹരിദാസ് ക്യാൻസറിനെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു. റവ. ഫാ. ബെന്നോ പുതിയാപറമ്പിൽ, ശ്രീ. ജോജി ഇടപ്പള്ളിക്കുന്നേൽ, ശ്രീ. സാജു പാറാംതോട്ടം തുടങ്ങിയവർ സംസാരിച്ചു. വിവിധ സംഘങ്ങൾ ഒരുക്കിയ 25 ൽ പരം സ്റ്റാളുകൾ ഉണ്ടായിരുന്നു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി. കുഞ്ഞമ്മ തോമസ് സ്വാഗതം ആശംസിച്ച സമ്മേളനത്തിന് സൊസൈറ്റി സെൻട്രൽ കമ്മറ്റി അംഗം ശ്രീ. എം. റ്റി തോമസ് നന്ദിയും പറഞ്ഞു.

## SS 72/15 ക്രെഡിറ്റ് യൂണിയൻ പുതിയ യൂണിറ്റ് ഉദ്ഘാടനം

രാജപുരം: ഫാ.മൈക്കിൾ മാളിയേക്കൽ രക്ഷാധികാരിയായി15 സംഘങ്ങളോടുകൂടി പുതിയ യൂണിറ്റ് ആരംഭിച്ചു.

ചെമ്പകപ്പാറ : ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ രക്ഷാധികാരിയായി 4 സംഘങ്ങളോടു കൂടിപുതിയ യൂണിറ്റ് ആരംഭിച്ചു.

കാന്തിപ്പാറ : ഫാ. ജോർജ്ജ്നിരവത്ത് രക്ഷാധികാരിയായി 12 സംഘങ്ങളോടു കൂടിപുതിയ യൂണിറ്റ് ആരംഭിച്ചു.

വിമലഗിരി : ഫാ. മർക്കോസ് ചിറ്റേമാരിരക്ഷാധികാരിയായി 6 സംഘങ്ങളോടു കൂടിപുതിയ യൂണിറ്റ് ആരംഭിച്ചു.

അടിമാലി : ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ രക്ഷാധികാരിയായി 24 സംഘങ്ങളോടു കൂടിപുതിയ യൂണിറ്റ് ആരംഭിച്ചു.

## SS 73/15 മത്സ്യകൃഷി പരിശീലനം

സമുദ്രോത്പന്ന കയറ്റുമതി വികസന അഥോറിറ്റിയും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും സംയുക്തമായി നെടുംങ്കണ്ടത്ത് 3 ദിവസത്തെ മത്സ്യകൃഷി പരിശീലന പരിപാടി നടത്തി. 25 പേർ പങ്കെടുത്ത പരിപാടിയിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് ദിവസേന 200 രൂപ സ്റ്റൈഫന്റും സർട്ടിഫിക്കറ്റും നൽകി.

## SS 74/15 കോഴിക്കുഞ്ഞ് വിതരണം

എച്ച്.ഡി.എസ്സിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 574 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഇരട്ടയാർ, ചുരുളി, തങ്കമണി, വാഴവര, രാജമുടി, പേഴുംങ്കണ്ടം, മരിയാപുരംഎന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

## SS 76/15 തീരം

ഭിന്നശേഷിയുള്ളവരുടെ കൂട്ടായ്മയായ തീരം സംഘടനയുടെ പ്രവർത്തനങ്ങൾ വാത്തിക്കുടി പഞ്ചായത്തിൽ 9 സംഘങ്ങളോടുകൂടിനല്ല രീതിയിൽ നടത്തി വരുന്നു. പുതിയതായി ചുരുളി, വെണ്മണി, കഞ്ഞിക്കുഴി, പഴയരിക്കണ്ടം എന്നീ മേഖലകൾ ഉൾപ്പെടുന്ന കഞ്ഞിക്കുഴി പഞ്ചായത്തിൽ സംഘങ്ങളുടെ രൂപീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.



# തിരുബാലസഖ്യം

## HC 21/15 ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും

ഫൊറോനതലത്തിൽ, പാറത്തോട്, ചുരുളി എന്നീ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ റാലി മത്സരത്തിലും സെമിനാറുകളിലും കയ്യെഴുത്തുമാസിക മത്സരത്തിലും പങ്കെടുത്തവരെ പ്രത്യേകം അനുമോദിക്കുന്നു. സഹകരിച്ച ബഹു. ഡയറക്ടറച്ചന്മാർക്കും ആനി മേറ്റേഴ്സിനും പ്രത്യേകം നന്ദി.

## HC 22/15 മെഗാക്വിസ്

2015 നവംബർ 10-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് വാഴത്തോപ്പിൽ നടത്തപ്പെടുന്ന മെഗാക്വിസിലേക്ക് എല്ലാവർക്കും സ്വാഗതം. മേഖലാ ക്വിസ് മത്സരത്തിൽ (കുട്ടിക്വിസ് ) ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരാണ് ഇതിൽ പങ്കെടുക്കേണ്ടത്. ഒരു മേഖലയിലെ ഒന്നും രണ്ടും സ്ഥാനക്കാർ ഒരു ടീം ആയിട്ടാണ് മത്സരിക്കേണ്ടത്. ഓഡിയോ വിഷ്വൽ റൗണ്ടും ഉൾപ്പെടുത്തുന്നതാണ്.

## HC 23/15 സമ്മാന വിതരണം

വിവിധ മേഖലകളിൽ നടത്തപ്പെട്ട റാലിമത്സരങ്ങളിൽ വിജയികളായവർക്കും, കയ്യെഴുത്ത് മാസിക വിജയികൾക്കും, ക്വിസ് മത്സര വിജയികൾക്കും മെഗാക്വിസ് മത്സരത്തോടനുബന്ധിച്ച് സമ്മാനങ്ങൾ നല്കുന്നതാണ്. എല്ലാ മേഖലകളിൽനിന്നും വിജയികളായവർ അന്ന് എത്തിച്ചേരേണ്ടതാണ്.



## ചെറുപുഷ്പ മിഷൻലീഗ്

CML 69/15 **ഓർമ്മിക്കാൻ**

**നവംബർ 2015**

10 ചൊവ്വ : മേഖലസെമിനാർ മാറ്റിവച്ചു

14 ശനി : സംസ്ഥാന മിഷൻ കലോത്സവം

22 ഞായർ : മിശിഹായുടെ രാജത്വ തിരുനാൾ

**CML 70/15 മേഖലസെമിനാർ മാറ്റിവച്ചു**

2015 നവംബർ 10 ന് 12 മേഖലകളിലും നടത്താൻ തീരുമാനിച്ചിരുന്ന ഏകദിന ദൈവവിളി സെമിനാർ മാറ്റിവച്ചിരിക്കുന്നു. പുതിയ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

**CML 71/15 സംസ്ഥാന മിഷൻ കലോത്സവം**

സംസ്ഥാന മിഷൻ കലോത്സവം പെരുന്തൽമണ്ണയിൽ വച്ച് നവംബർ മാസം 14 -ാം തീയതി ശനിയാഴ്ച നടത്തുന്നു. രൂപതാ മത്സരത്തിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയവർ 13 -ാം തീയതി വൈകുന്നേരം 5 മണിക്ക് മുരിക്കാശ്ശേരി സെന്റ് മേരീസ് പാരിഷ് ഹാളിൽ എത്തണം.

**CML 72/15 മിശിഹായുടെ രാജത്വതിരുനാൾ**

മിശിഹായുടെ രാജത്വതിരുനാൾ എല്ലാ ശാഖകളിലും വിശ്വാസ സംഗമങ്ങളോടും റാലികളോടും കൂടെ സമുചിതമായി ആഘോഷിക്കുമല്ലോ.

**CML73/15 കൊച്ചുത്രേസ്യായുടെ തിരുനാൾ**

വി.കൊച്ചുത്രേസ്യായുടെ തിരുനാളും, മിഷൻ മാസ ആരംഭവും, അംഗത്വ സീകരണവും നവീകരണവും രൂപതയിലെ എല്ലാശാഖകളിലും നടന്നു.

**CML 74/15 69-ാം സ്ഥാപകദിനം**



ചെറുപുഷ്പ മിഷൻ ലീഗിന്റെ 69-ാം സ്ഥാപക ദിനവും, പതാക വന്ദനവും രൂപതയിലെ ശാഖകളിൽ നടന്നു.

**CML 75/15 സാന്ത ഫമീലിയ റീജിയണൽ സംഗമങ്ങൾ**

വാഴത്തോപ്പ്, ഇരട്ടയാർ, പാറത്തോട്, അടിമാലി റീജിയണുകളിൽ നടന്ന സംഗമത്തിൽ രൂപതയിലെ 12 മേഖലകളിൽ നിന്നും 350 പേർ പങ്കെടുത്തു. റീജിയണൽ സംഗമത്തിന് രൂപതാ ഡയറക്ടർ സ്വാഗതം ആശംസിച്ചു. റവ. ഫാ. ജോൺ കൂരൻ C.Ss.R, റവ. ഫാ. ജിനൊ പുന്നമറ്റം, റവ. ഫാ. റോയി കണ്ണംചിറ, റോബിൻ പി. മാത്യു പന്ത ലാനിക്കൽ, രൂപതാ പ്രസിഡന്റ് ഷിബു സെബാസ്റ്റ്യൻ മഠത്തിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജിയണൽ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

## കെ.സി.എസ്.എൽ.

**KCSL49/15 സാഹിത്യോത്സവം**

കെ.സി.എസ്.എൽ. സംഘടനയുടെ ഈ വർഷത്തെ സാഹിത്യ മത്സരം ഒക്ടോബർ 21 ന് രൂപതയിലെ അഞ്ചു കേന്ദ്രങ്ങളിൽ നടത്തപ്പെട്ടു. കെ.സി.എസ്.എൽ. പ്രവർത്തിക്കുന്ന വിവിധ സ്കൂളുകളിൽ നിന്നും 1300 - ൽ പരം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത് വിജയികളായ കുട്ടികൾക്കും ആനിമേറ്റേഴ്സിനും അഭിനന്ദനങ്ങൾ.

**KCSL50/15 ജീവിത വിശുദ്ധീകരണ ധ്യാനം**

ഹൈസ്കൂൾ, ഹയർ സെക്കന്ററി കുട്ടികൾക്കായി കെ.സി.എസ്.എൽ. സംഘടിപ്പിച്ച ജീവിത വിശുദ്ധീകരണ ധ്യാനം ഒക്ടോബർ 21 മുതൽ 24 വരെ മുരിക്കാശ്ശേരി സ്നേഹമന്ദിരത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നും 150 ഓളം കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

## KCSL51/15 സംസ്ഥാന സാഹിത്യോത്സവം

കെ.സി.എസ്.എൽ സംസ്ഥാന സാഹിത്യോത്സവത്തിന്റെ ഫൈനൽ മത്സരങ്ങൾ ഒക്ടോബർ 30 ന് പാലാരിവട്ടം പി. ഒ. സി. യിൽ നടത്തപ്പെട്ടു. നമ്മുടെ രൂപതയിൽ നിന്നും 42 വിദ്യാർത്ഥികൾ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

## KCSL52/15 കലോത്സവം നവംബർ 14

ഈ വർഷത്തെ കെ.സി.എസ്.എൽ രൂപതാ കലോത്സവം നവംബർ 14 ന് സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ മുരിക്കാശ്ശേരിയിൽ നടത്തപ്പെടുന്നു. മത്സരങ്ങളിൽ പങ്കെടുക്കാനുള്ള കുട്ടികളുടെ ലിസ്റ്റ് നവംബർ 3 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ആനിമേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മത്സരങ്ങൾ 9.30 ന് ആരംഭിക്കും. കുട്ടികളും അധ്യാപകരും സമയത്തു തന്നെ എത്തുവാൻ ശ്രദ്ധിക്കുമല്ലോ.

പഠനക്കളരി വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

യു. പി : വിശ്വാസം സ്നേഹക്കൂട്ടായ്മക്ക് അടിസ്ഥാനം.

എച്ച്. എസ്സ് : കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം - ക്രിസ്തുവിൽ പൂർണ്ണത പ്രാപിയ്ക്കുക.

എച്ച്. എസ്സ്. എസ്സ് : സേവനം ക്രൈസ്തവീകതയുടെ മുഖമുദ്ര.

## KCSL53/15 ശതാബ്ദി മെഗാക്വിസ് ഫൈനൽ നവംബർ 14

ശതാബ്ദിയോടനുബന്ധിച്ച് രൂപതയിലെ വിവിധ സ്കൂളുകളിൽ നടത്തിയ മെഗാക്വിസിന്റെ രൂപതാതല ഫൈനൽ മത്സരം നവംബർ 14 ന് മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെടുന്നു. മത്സരം 12 മണിക്ക് ആരംഭിക്കും. സ്കൂൾ തലത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച കുട്ടികൾ ടീം ആയാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിന്റെ ആദ്യ റൗണ്ട് എഴുത്ത്



പരീക്ഷയാണ്. തുടർന്ന് എലിമിനേഷൻ റൗണ്ടും ഫൈനൽ റൗണ്ടുമാണ്.

## KCSL54/15 ശതാബ്ദി സമാപനം - നെടുങ്കണ്ടം ഡിസംബർ 4

കെ.സി.എസ്.എൽ സംഘടനയുടെ നമ്മുടെ രൂപതയിലെ ശതാബ്ദി സമാപനാഘോഷം ഡിസംബർ 4 ന് നെടുങ്കണ്ടത്ത് ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. നെടുങ്കണ്ടം റീജിയണിലെ മുഴുവൻ കുട്ടികളെയും മറ്റ് സ്കൂളുകളിൽ നിന്നും കെ.സി.എസ്.എൽ പ്രതിനിധികളെയും പങ്കെടുപ്പിച്ചു കൊണ്ടാണ് സമാപന സമ്മേളനം നടത്തുന്നത്.

# കെ.സി.വൈ.എം.

## KCYM 49/15 സ്വാഗതം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പുതിയ ആനിമേറ്ററായി സ്ഥാനം ഏറ്റെടുത്തിരിക്കുന്ന സി. റ്റെസിൻ എഫ്. സി. സി. ക്ക് രൂപതാ കെ.സി.വൈ.എം. കുടുംബത്തിലേക്ക് സ്വാഗതം. പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്യുന്നു.

കഴിഞ്ഞ 3 വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത ബഹു. സി. വിജി തെരേസ് SABS ന് രൂപതാ കെ.സി.വൈ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകളും നന്ദിയും അറിയിക്കുന്നു.

## KCYM 50/15 ജീസസ് നൈറ്റ്

മുരിക്കാശ്ശേരി, മുട്ടുകാട്, വാഴത്തോപ്പ് എന്നീ ഇടവകകളിൽ ജീസസ് നൈറ്റ് നടത്തി. ശ്രീ. ജയ്സൺ അറയ്ക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഡയറക്ടറച്ചനും രൂപതാ ഭാരവാഹികളും പങ്കെടുത്തു. ക്ലാസ്സുകൾ ക്രമീകരിച്ച വികാരിയച്ചൻമാർക്കും യൂണിറ്റ് ഭാരവാഹികൾക്കും നന്ദി.

**KCYM 51/15 അർദ്ധവാർഷിക കൗൺസിൽ**

കെ.സി.വൈ.എം. ഇടുക്കി രൂപതാ അർദ്ധവാർഷിക കൗൺസിൽ ഒക്ടോബർ 17 ശനിയാഴ്ച കരിമ്പൻ സെന്റ് മേരീസ് പള്ളിയിൽ നടന്നു. അഭി. മാർ. മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് കൗൺസിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് സിജോ ഇലന്തൂർ അദ്ധ്യക്ഷത വഹിച്ച കൗൺസിലിൽ രൂപതാ ഡയറക്ടർ റവ.ഫാ ഫ്രാൻസീസ് അമ്പലത്തിങ്കൽ മുഖ്യ പ്രഭാഷണം നടത്തി. സി. വിജി തെരേസും സി. റ്റെസിനും ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് കോതമംഗലം രൂപതാംഗമായ ഫാ. സ്കറിയ പുന്നമറ്റം ക്ലാസ്സ് നയിച്ചു. അതിനുശേഷം കെ. സി. വൈ. എം. രൂപതാ ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് രൂപതാ ഭാരവാഹികളുടെ ഒഴിവിലേക്കായി തിരഞ്ഞെടുപ്പ് നടന്നു. വാഴത്തോപ്പിൽ നിന്നും ആൽബിൻ ആന്റണിയും പണിക്കൻകുടിയിൽനിന്നും എലിസബത്ത് ജോസഫും തിരഞ്ഞെടുക്കപ്പെട്ടു. 19 ഇടവകകളിൽ നിന്നായി 95 യുവജനങ്ങൾ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടുകൂടി കൗൺസിൽ സമാപിച്ചു.

## ഫാമിലി അപ്പോസ്തലേറ്റ്

**FA 18/15 വിവാഹ ഒരുക്ക ധ്യാനം**

നവംബർ 09 തിങ്കൾ - 11 ബുധൻ

നവംബർ 30 തിങ്കൾ - 02 ബുധൻ

**FA 19/15 ഏലീശ്വാ ധ്യാനം**

2015 ഡിസംബർ 18 - 20 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ ഏലീശ്വാ ധ്യാനം നടത്തപ്പെടുന്നു.



**FA 20/15 ജോർദ്ദാനിയ**

നവംബർ 25 ബുധനാഴ്ച വൈകിട്ട് 3.30 ന് ചുരുളി സെന്റ് തോമസ് ഫൊറോന പള്ളിയിൽ അഭി. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് കൂടുതൽ മക്കളുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് മാമോദീസ നൽകും.

## മാതൃവേദി

**എഫ്രായിം ജീവോത്സവ്**

2015 നവം. 14 ന് രൂപതാ തലത്തിൽ വലിയ കുടുംബങ്ങളുടെ സംഗമം വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ സംഘടിപ്പിച്ചിരിക്കുന്നു. 1995 ജനു. 1 മുതൽ വിവാഹിതരായ കുടുംബങ്ങളിൽ അഞ്ചോ അതിലധികമോ കുട്ടികൾ ഉള്ളവരുടെയും 2000 ജനു. 1 മുതൽ വിവാഹിതരായ കുടുംബങ്ങളിൽ നാലോ അതിലധികമോ കുട്ടികൾ ഉള്ളവരുടേയും കൂട്ടായ്മ **എഫ്രായിം ജീവോത്സവ്** എന്ന പേരിൽ നടത്തുന്നു. രാവിലെ 10 മണിക്ക് വി. കുർബാനയും 11 മണിക്ക് ക്ലാസ്സും പൊതുസമ്മേളനവും സമ്മാനദാനവും ഉൾപ്പെടുത്തി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭക്ഷണത്തോടെ മടങ്ങാവുന്ന വിധത്തിലാണ് പരിപാടികൾ.

## കേരള ലേബർ മൂവ്മെന്റ്

**KLM 54/15 കെ.എൽ.എം. രക്തസേന**

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാക്കമ്മറ്റിയുടെ നേതൃത്വത്തിൽ ''കെ.എൽ.എം. രക്തസേന'' എന്ന പേരിൽ ബ്ലഡ് ബാങ്ക് പ്രവർത്തനമാരംഭിച്ചു.

**KLM 55/15 കർഷകർക്ക് പണിയായുധങ്ങൾ**

പാവപ്പെട്ട കർഷകർക്ക് നൽകുന്ന പണിയായുധങ്ങളുടെ വിതരണം നവം. 14 ന് രാവിലെ 10 മണിക്ക് തോപ്രാംകുടി മർച്ചന്റ് അസോസിയേഷൻ ഹാളിൽ നടക്കും. ആവശ്യമുള്ളവർ കെ.എൽ.എം. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ജോർജ് അമ്പഴം (രൂപതാ പ്രസിഡന്റ്) 9495125585

### KLM 56/15 വനിതാഫോറം

കേരളാ ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന കേരളാ വനിതാഫോറത്തിന്റെ ഇടുക്കി രൂപതാ സംഗമം നവം. 21 ന് രാവിലെ 11 മണിക്ക് പടമുഖം സ്നേഹമന്ദിരം ഓഡിറ്റോറിയത്തിൽ നടക്കും. യോഗത്തിൽ സംസ്ഥാന-രൂപതാ ഭാരവാഹികൾ പങ്കെടുക്കും.

### KLM 57/15 സൗജന്യ നേത്രചികിത്സാ ക്യാമ്പ്

കെ.എൽ.എം. ഇടുക്കി രൂപതാ കമ്മറ്റിയും മധുര അരവിന്ദ് കണ്ണാശുപത്രിയും ചേർന്ന് നടത്തുന്ന സൗജന്യ നേത്രചികിത്സാ ക്യാമ്പ് ഡിസം. 19 ന് മുരിക്കാശ്ശേരിയിൽ നടക്കും.

### KLM 58/15 വേളാങ്കണ്ണി തീർത്ഥയാത്ര

കെ.എൽ.എം. വേളാങ്കണ്ണി തീർത്ഥയാത്ര നവം. 28 ന് വൈകുന്നേരം മുരിക്കാശ്ശേരിയിൽ നിന്നും പുറപ്പെട്ട് 30 തിങ്കളാഴ്ച രാവിലെ തിരികെയെത്തും. ഭക്ഷണം, താമസം ഉൾപ്പെടെ 1500 രൂപയാണ് ചെലവ്. താല്പര്യമുള്ളവർ കെ.എൽ.എം. ഓഫീസുമായി ബന്ധപ്പെടണം.

9495125585.

## ആത്മജ്യോതിയിലെ പരിപാടികൾ

| | | |
|---|---|---|
| നവംബർ 2015 | 1 – 6 | - വിശ്വാസാനുഭവധ്യാനം |
| | 9 – 11 | - വിവാഹ ഒരുക്ക സെമിനാർ |
| | 14 –15 | - തിയോളജി കോഴ്സ് |
| | 23 –26 | - ബൈബിൾപഠനശിബിരം (വൈദികർക്ക്) |
| | 30 –ഡിസം. 2 | വിവാഹ ഒരുക്ക സെമിനാർ |



## വാർത്തകളും വിശേഷങ്ങളും

**മെത്രാന്മാരുടെ സിനഡു സമ്മേളനം സമാപിച്ചു.**

മെത്രാന്മാരുടെ സിനഡിന്റെ പതിനാലാം സാധാരണ പൊതു സമ്മേളനം ഞായറാഴ്ച (25/10/2015) രാവിലെ വത്തിക്കാനിൽ സമാപിച്ചു. ഒക്ടോബർ മാസം 4-ാം തിയതി ആരംഭിച്ച ഈ സിനഡിന്റെ മുഖ്യ ചർച്ചാപ്രമേയം സഭയിലും സമകാലീന ലോകത്തിലും കുടുംബത്തിന്റെ വിളിയും ദൗത്യവുമായിരുന്നു. മാറ്റങ്ങളെയും വെല്ലുവിളികളെയും ഭയപ്പെടുന്നതും ക്രമബദ്ധവും ഊഷരവുമായ സഭയ്ക്കു പകരം വിശ്വാസികളുടെ ജീവിതത്തിൽ വേരൂന്നുന്നതും കൂടുതൽ തുറന്ന സമീപനവും സഹാനുഭൂതിയും കാട്ടുന്നതുമായ സഭയ്ക്കായി ഫ്രാൻസീസ് മാർപ്പാപ്പ ആഹ്വാനം ചെയ്തു. സഭയ്ക്കു പുറത്തു പുനർവിവാഹം ചെയ്ത വിശ്വാസികളോടു മാന്യമായ സമീപനം കാട്ടാൻ സിനഡിൽ സമ്മേളിച്ച മെത്രാന്മാർ സമ്മതിച്ചു. എന്നാൽ സ്വവർഗ്ഗസ്നേഹികളെ സ്വാഗതം ചെയുന്ന സമീപനം വേണമോ എന്ന കാര്യം അന്തിമ പ്രമേയത്തിൽ ഉൾപ്പെടുത്തിയില്ല.

പാരമ്പര്യത്തോടും മുൻകാലപഠനങ്ങളോടുമുള്ള വിശ്വസ്തത സിനഡ് ആവർത്തിച്ചു പ്രഖ്യാപിച്ചു. അതോടൊപ്പം ആരെയും ഒഴിവാക്കാതെ എല്ലാവരെയും സ്വീകരിച്ച് മാനസാന്തരത്തിലേക്കു നയിക്കണമെന്നും ആഹ്വാനം ചെയ്തു. സഭയുടെയും അജപാലകരുടെയും ദൗത്യം ആരെയും വിധിക്കുക എന്നുള്ളതല്ല മറിച്ച് ആർദ്രതയോടെ എല്ലാവരുടെയും ഒപ്പം നടക്കുക എന്നുള്ളതാണ്. അതിനായി എല്ലാമേഖയിലും നവീകരണം ഉണ്ടാകണമെന്നും അന്തിമ പ്രമേയത്തിൽ പറയുന്നു.

സിനഡിന്റെ സമാപനത്തോടനുബന്ധിച്ച് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ മാർപാപ്പ കുർബാന അർപ്പിച്ചു. സിറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി, സിറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് മാർ ക്ലിമ്മീസ് കാതോലിക്കാ ബാവാ, മുംബൈ ആർച്ച്ബിഷപ്പ് ഓസ്വാൾഡ് ഗ്രേഷ്യസ്, ഗോവ ആർച്ച്ബിഷപ്പ് ഫിലിപ് നേരി ഫെറാവോ, ഷില്ലോങ് ആർച്ച്ബിഷപ്പ്

ഡൊമിനിക് ജാല, തൃശ്ശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, പുനലൂർ ബിഷപ് സിൽവെസ്റ്റർ പൊന്നുമുത്തൻ എന്നിവരടക്കം 270 മെത്രാന്മാർ വി. കുർബാനയിൽ സഹകാർമ്മികരായിരുന്നു.

### വി. കൊച്ചു ത്രേസ്യയുടെ മാതാപിതാക്കളും വിശുദ്ധർ

വി. കൊച്ചു ത്രേസ്യായുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും സെലിഗ്വെരിനും ഇനി വിശുദ്ധർ. ദമ്പതികളെ ഒരേ ചടങ്ങിൽ വിശുദ്ധരാക്കുന്നത് കത്തോലിക്കാ സഭാ ചരിത്രത്തിൽ ഇതാദ്യം. 2008 ഒക്ടോബർ 19 നായിരുന്നു മാർട്ടിൻ ദമ്പതികൾ വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്ക് ഉയർത്തപ്പെട്ടത്. കുടുംബത്തെക്കുറിച്ചുള്ള റോമൻ സിനഡിൽ പങ്കെടുക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ കർദ്ദിനാളൻമാരുടെയും മെത്രാൻമാരുടെയും സാന്നിധ്യത്തിലാണ് ഫ്രാൻസീസ് മാർപ്പാപ്പ കുടംബത്തിന്റെ മാഹാത്മ്യത്തിന്റെയും വിശുദ്ധിയെയും ഓർമ്മിപ്പിച്ച് ഇരുവരെയും വിശുദ്ധൻമാരുടെ നിരയിലേയ്ക്ക് പേരുവിളിച്ചത്. വൻകാര്യങ്ങൾ ചെയ്തതിലൂടെയല്ല മറിച്ച് തങ്ങൾക്ക് ദൈവം ദാനമായിത്തന്ന മക്കളെ വിശുദ്ധിയിൽ വളർത്തിയതിലൂടെയാണ് അവർ വിശുദ്ധരായത്തീർന്നത്. ആദ്ധ്യാത്മിക മൂല്യങ്ങൾ പകർന്നുനൽകി മക്കളെ വളർത്തുന്നതിൽ മാതാപിതാക്കൾക്ക് വലിയ കടമയുണ്ടെന്ന് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തിങ്ങി നിറഞ്ഞ 65000 ൽ അധികം പേരോടായി മാർപ്പാപ്പ പറഞ്ഞു.

**പുസ്തകമേള 2015**

വടവാതൂർ സെന്റ് തോമസ് ബുക്ക്സ്റ്റാളിന്റെ ആഭിമുഖ്യത്തിൽ

**പുസ്തകമേള 2015. ഒക്ടോബർ 30 മുതൽ നവംബർ 30 വരെ**

സ്ഥലം: സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി. സമയം: രാവിലെ 9 മുതൽ 5 വരെ.

ഇന്ത്യയിലെ പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ, OIRSI Publications ന്റെ പ്രത്യേകം സ്റ്റാൾ. **60%** വരെ വിലക്കുറവ്. അമൂല്യപുസ്തക ശേഖരങ്ങൾവാങ്ങിച്ച് വായിച്ച് വളരാൻ ഒരു സുവർണ്ണാവസരം.

Address: Manager St. Thomas bookstall, Vadavathoor, Kottayam-10
Ph:2578319,






**ഒക്ടോബർ 2015**

03 ഇടുക്കി രൂപതാ മാതൃവേദിയുടെയും ജീവൻ ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ നടന്ന ജീവൻ രക്ഷാറാലിയുടെ സമാപന സമ്മേളനം ചെറുതോണിയിൽ ഉദ്ഘാടനം ചെയ്തു.

05 കൂടുതൽ മക്കളുള്ള കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് രാജാക്കാട് പള്ളിയിൽ വച്ച് മാമ്മോദീസ നല്കി.

10 രാജമുടിയിൽ നടന്ന ക്രെഡിറ്റ് യൂണിയന്റെ വാർഷികയോഗം ഉദ്ഘാടനം ചെയ്തു.

മുരിക്കശ്ശേരി സെന്റ് മേരീസ് സ്കൂളിൽ നടന്ന മാനസ്സിക രോഗ ശുശ്രൂഷകരുടെ കനിവ് സെമിനാർ ഉദ്ഘാടനം ചെയ്തു.

10-11 രാജകുമാരി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

14 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ബഹു. വൈദികരുടെ ഒന്നാം ഘട്ട സ്റ്റഡി ഫോറത്തിൽ സംബന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി.

15 വെള്ളയാംകുടിയിൽ നടന്ന ബഹു. വൈദികരുടെ രണ്ടാം ഘട്ട സ്റ്റഡി ഫോറത്തിൽ സംബന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം നല്കി.

വി. അമ്മത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് മഞ്ഞപ്പാറ സി.എം.സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

17-18 മുരിക്കുംതൊട്ടി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

22 ചുരുളിയിൽ എസ്.എം.സി.സി. പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

നേര്യമംഗലത്ത് കെ.സി.വൈ.എം. യുവജന ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

23. എറണാകുളത്ത് പി. ഒ. സി. യിൽ നടന്ന വനിത ഫോറത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നല്കി.

24-25 രാജാക്കാട് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

31. എഫ്. സി. സി. സന്യാസ സമൂഹത്തിലെ 3 നവ സന്യാസിനികൾക്ക് മുരിക്കാശ്ശേരിഎഫ്. സി. സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സഭാവസ്ത്രം നല്കി.








| | | | |
|---|---|---|---|
| 01 | ഞായർ | 09.00 am | - വി. കുർബാന, പേഴുംകണ്ടം |
| ” | ” | 01.00 pm | - കാൽവരിമൗ |
| 03 | ചൊവ്വ | 03.00 pm | - കൂദാശയും, വെഞ്ചരിപ്പും, കപ്പൂച്ചിൻ ധ്യാനകേന്ദ്രം, തോപ്രാംകുടി |
| 04 | ബുധൻ | 11.00 am | - POC എറണാകുളം |
| 05 | വ്യാഴം | 10.00 am | - ദൈവാലയകൂദാശ, കല്ലാർ |
| 7-8 | ശനി-ഞായർ | | - ഇടവക സന്ദർശനം, പന്നിയാർകുട്ടി |
| 09 | തിങ്കൾ | 10.30 am | - വിവാഹം, കരിമ്പൻ |
| 10 | ചൊവ്വ | | - Classmates Gathering POC |
| 14 | ശനി | 11.00 am | - ശിശുദിനം, വാഴത്തോപ്പ് |
| 14-15 | ശനി-ഞായർ | | - ഇടവക സന്ദർശനം, ജോസ്ഗിരി |
| 16 | തിങ്കൾ | 11.00 am | - സ്കൂൾ വെഞ്ചരിപ്പ്, ഇരട്ടയാർ |
| 17 | ചൊവ്വ | 9.00 am | - CMC Provincial House, അടിമാലി |
| 19 | വ്യാഴം | 11.30 am | - Convocation, Karimban |
| 21-22 | ശനി-ഞായർ | | - ഇടവക സന്ദർശനം, എല്ലക്കല്ല് |
| 25 | ബുധൻ | 3.30 pm | - മാമ്മോദീസ, ചുരുളി |
| 26-27 | വ്യാഴം-വെള്ളി | | - Monthly Recollection, Karimban |
| 28 | ശനി | 11.00 am | - Maniyarmkudy |
| 29 | ഞായർ | 4.00 pm | - അൾത്താര കൂദാശ, വി. കുർബാന, മാവടി |